FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 10 • ISSUE 8

APRIL 2023

## ഹാലേലൂയ്യാ ഗീതത്തോടെ സത്യപ്രതിജ്ഞാചടങ്ങ്



**നാഗാലാന്റ്:** അപൂർവ്വങ്ങളിൽ അപൂർണ്ണമായ നിമിഷങ്ങൾക്കാണ് നാഗാ ലാന്റിൽ പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ ചടങ്ങ് സാക്ഷ്യം വഹിച്ചത്. പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോഡിയെ വേദിയിലിരുത്തി യേശു നാമത്തിലുള്ള പ്രാർത്ഥനയിലും ഹല്ലേലൂയ ഗീതത്തിലൂടെയുള്ള ആരാധനയിലും മുഖരിതമായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്.

ഓഹിമ നാഷ്ണൽ അക്കാഡമിയുടെ സ്റ്റുഡൻസ് ആലപിച്ച ദേശീയ ഗാനത്തോടെയായിരുന്നു ചടങ്ങുകൾ ആരംഭിച്ചത്. തുടർന്ന് കോഹിമ ബാബ്റ്റിസ്റ്റ് ചർച്ചിലെ പാസ്റ്റർ ചൻഞ്ചൻ മുൻബംഗ് സിംബു പ്രാർത്ഥിച്ചു. സത്യപ്രതിജ്ഞ ചടങ്ങുകൾക്ക് ശേഷവും പ്രാർത്ഥനയോടാണ് ചടങ്ങുകൾ സമാപിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ വ്യത്യസ്ഥമായി ക്രൈസ്തവ ആരാധനയിലും പ്രാർത്ഥനയിലുമാണ് നാഗാലാന്റിലെ സത്യപ്രതിജ്ഞാ ചടങ്ങ് നടന്നത്.

## ക്രൈസ്തവ മൂല്യങ്ങൾ രാജ്യത്തിന്റെയും മൂല്യങ്ങൾ: ശ്രീ സുനക്



**യുകെ:** സഹിഷ്ണത, അനുകമ്പ, ദാനധർമ്മം' എന്നീ ക്രൈസ്തവ മൂല്യങ്ങൾ ബ്രിട്ടന്റെ ചരിത്രത്തിലും ദേശീയ ഘടനയിലും' ഉൾച്ചേർത്തതാണന്ന് ബ്രിട്ടീഷ് പ്രധാന മന്ത്രി ശ്രീ സുനക്. ഇന്ത്യൻ വംശശനും, ഒരു ഹിന്ദുമത വിശ്വാസിയുമാണ് ബ്രിട്ടീഷ് പ്രധാന മന്ത്രി. നമ്മുടെ ദേശീയ ജീവിതത്തിന് ക്രിസ്ത്യൻ കമ്മ്യൂണിറ്റികൾ നൽകുന്ന ഗണ്യമായ സംഭാവനയെ കുറിച്ച് പ്രതിഫലിപ്പിക്കാൻ ഈസ്റ്റർ ഞായറാഴ്ച അവസരം നൽകുന്നുവെന്നും ഈസ്റ്റർദിന സന്ദേശത്തിൽ പ്രധാന മന്ത്രി പറഞ്ഞു. പ്രതിപക്ഷ നേതാവ് സർ കെയർ സ്റ്റാർമർ, ഈസ്റ്റർ ദിനത്തിൽ സഭാനേതാക്കളുമായി കൂടി കാഴ്ച്ച നടത്തുന്ന വീഡിയോയും പങ്ക് വച്ച് കൊണ്ടാണ് പ്രധാനന്ത്രി തന്റെ ഈസ്റ്റർ സന്ദേശം റ്റീറ്റ് ചെയ്തത്.

## സ്വവർഗ്ഗ വിവാഹത്തെ എതിർത്ത് കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** സ്വവർഗ വിവാഹങ്ങൾ ഭാരത കുടുംബസങ്കല്പത്തിന് എതിരാണെന്നും വിവാഹം എന്ന സങ്കല്പം എതിർലിംഗത്തിലുള്ള രണ്ടു വ്യക്തികൾ തമ്മിലുള്ള ഐക്യത്തെ മുൻനിർത്തിയാണെന്നും നിയമപരമായ വ്യാഖ്യാനങ്ങൾ ഉയർത്തി അതിനു തുരങ്കം വയ്ക്കാൻ പാടില്ലെന്നും കേന്ദ്രം സുപ്രീം കോടതിയിൽ. സുപ്രീം കോടതിയിൽ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിലാണ് കേന്ദ്രം ഇക്കാര്യം വ്യക്തമാക്കിയത്. എതിർ ലിംഗത്തിലുള്ള രണ്ടുപേർ തമ്മിലുള്ള ഐക്യമാണ് വിവാഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ അടിത്തറയെന്ന് കേന്ദ്രം ചൂണ്ടിക്കാട്ടി.

## ക്രിസ്തുവിനെ കീർത്തിക്കുന്ന കീരവാണി

**ലോസ്ആഞ്ചലോസ്:** ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഇന്ത്യൻ ഗാനത്തിന്, അതും സൗത്ത് ഇന്ത്യൻഗാനത്തിന് ഒരു ഓസ്ക്കാർ പുരസ്ക്കാരം ലഭിച്ചത്. ആന്ദ്രാ പ്രദേശ സ്വദേശായ കീരവാണി ആർ ആർ ആർ എന്ന സിനിമയ്ക്ക് ചിട്ടപ്പെടുത്തിയ നാട്ടു എന്ന ഗാനത്തിനാണ് ഓജിനൽ സോംഗിനുള്ള ഓസ്കാർ ലഭിച്ചത്. എന്നാൽ മാ ടി വി യുടെ ഒരു റിയാൽറ്റി ഷോയിൽ വിധികർത്താവായ് എത്തിയപ്പോൾ, ഓരോ പാട്ട് എഴുതുമ്പോഴും യേശു നാഥനോട് പ്രാർത്ഥിച്ചാട്ടാണ് എഴുതുന്നത് എന്ന് പറഞ്ഞത് ഇപ്പോൾ വലിയ വാർത്തയായിരിക്കുകയാണ്. ഇതര മതങ്ങളിൽ നിന്നും വ്യത്യസ്ഥമായ് യേശു



പഠിപ്പിച്ച ക്ഷമയുടെയും കരുണയുടെയും പാഠങ്ങളാണ് എന്റെ വഴികാട്ടി എന്നും അന്ന് അദ്ദേഹം പാഞ്ഞിരുന്നു.

‘കം ഒട്ട് ഇൻ ജീസസ് നെയിം’

## തിയേറ്ററുകളിൽ കൂട്ട വിടുതലുകൾ



**അമേരിക്ക:** മാർച്ച് 13 തിങ്കളാഴ്ച ആയിരുന്നു 'കം ഒട്ട് ഇൻ ജീസസ് നെയിം'' എന്ന സിനിമ അമേരിക്കയിലുടനീളം തിയേറ്ററുകളിൽ പ്രദർശിപ്പിച്ചത്. പ്രദർശാനന്തരം കാണികൾക്ക് ലഭിച്ച വിടുതലുകളെ കുറിച്ചുള്ള വാർത്തകൾ സോഷ്യൽ മീഡിയകളിൽ വലിയ തരംഗം സൃഷ്ടിച്ചിരിക്കുകയാണ്.

പ്രശസ്ത വിടുതലിൻ ശുശ്രൂഷകനായ അലക്സാണ്ടർ പഗാനി, യൂ ട്യൂബ് പ്രഭാഷകൻ ഇസയ്യ സാൽഡിവർ, പാസ്റ്റർ മൈക്ക് സിഗ്നോറെല്ലി, വ്ളാഡിമിർ സാവ് ചുക്ക്, ഡാനിയൽ ആഡംസ് എന്നിവരുടെ ശുശ്രൂഷയെ ഇതിവൃത്തമാക്കി പാസ്റ്റർ ഗ്രെഗ് ലോക്കാണ് സിനിമാ നിർമ്മിച്ചത്. സിനിമയുടെ അവസാനം വോട്ടർ കോളും നൽകുന്നുണ്ട്. 2000 തിയേറ്ററുകളിലാണ് സിനിമ പ്രദർശിപ്പിച്ചത്. എല്ലാ തിയേറ്ററുകളിലും കാണികൾ കൂട്ടത്തോടെ വിടുതലുകൾ പ്രാപിക്കുന്ന വീഡിയോ വളരെ വൈറലായിരിക്കുകയാണ്. യേശുവിന്റെ നാമം ചൊല്ലി അശുദ്ധാത്മാവിനെ ശാസിക്കുന്ന രംഗംകണ്ട് എന്നിലുള്ള അശുദ്ധാത്മാവും മാറേണമെന്ന് അലറി വിളിച്ച ഒരു യുവതിക്ക് വിടുതലുണ്ടായ അനുഭവത്തെ കുറച്ചും പാസ്റ്റർ പറഞ്ഞു.

## നിക്ക് വുജിസിച്ച് ആന്ദ്രാപ്രദേശിൽ





**ഗുണ്ടൂർ:** അന്താരാഷ്ട്ര സുവിശേഷ പ്രഭാഷകനും മോട്ടിവേഷണൽ സ്പീക്കറുമായ നിക്ക് വുജിസിച്ച് അന്ദ്രാ പ്രദേശ് സർക്കാരിന്റെ അതിഥിയായ് ഗുണ്ടൂരിലെ ഗവൺമെന്റ് സ്കൂളിൽ പ്രഭാഷണം നടത്തി. ഇത് സംബന്ധിച്ച വീഡിയോ മുഖ്യമന്ത്രി തന്നെയാണ് പുറത്ത് വിട്ടത്.

ഓസ്ട്രേലിയയിലെ മെൽബണിൽ ജനിച്ച ജന്മനാ കൈകാലുകൾ ഇല്ലാത്ത നിക്ക്, വൈകല്യങ്ങളെ പരാജയപ്പെടുത്തിയാണ് അന്താരാഷ്ട്ര മോട്ടിവേഷണൽ സ്പീക്കറായും സുവിശേഷകനുമായി തീർന്നത്. 2012 മുതൽ അമേരിക്കയിൽ താമസിക്കുന്ന നിക്കിന്റെ ആത്മകഥ യൂ എസിലെ പത്താം ക്ലാസ് പാഠ്യപുസ്തകവുമാണ്. ഭാര്യയും രണ്ട് പെൺമക്കളുമുണ്ട്. ചില വർഷങ്ങൾക്ക് മുമ്പ് മുമ്പയിലെത്തിയ നിക്ക് ചുവന്ന് തെരുവുകളിൽ ഉൾപ്പെടെ സുവിശേഷം പ്രസംഗിച്ചത് വലിയ വാർത്തയായിരുന്നു.



# BATTLE FOR YOUR SOUL

*"This, then, is how you should pray: 'Our Father in heaven, hallowed be your name, your kingdom come, your will be done, on earth as it is in heaven. Give us today our daily bread. And forgive us our debts, as we also have forgiven our debtors. And lead us not into temptation but deliver us from the evil one.'" (Matthew 6:9-13).*

19th-century poet Oscar Wilde cleverly said once, "Don't tempt me, I can resist anything but temptation." Verse 13 says, "Lead us not into temptation but deliver us from evil." Here in Matthew 6: 9-13, we see how Jesus is giving His followers a model for prayer. He is revealing the attitudes and desires that should shape our conversations with God. We see the prayers which are moved from adoration of God as our Father to submission to God as our King, to competence God as our Provider, and confession to God as our Redeemer and finally we read the verse, "Lead us not in temptation but deliver us from evil." His words are filled with tension, they are filled with the tension that we feel in the world around us. Just before these words in verse 12, we claim the freedom of forgiveness when we pray, "Forgive us our debts as we forgive our debtors". We claim the freedom that is in Christ when we receive His forgiveness by faith. God has defeated the power and penalty of sin once and for all at the cross of Jesus. But until Jesus comes again and establishes His Kingdom sin is still present in the world around us. We live in the tension of being in the world but not of the world.

How do we live in the tension of a world full of temptation? Matthew 6: 9-13 gives us the full picture, "This, then, is how you should pray: 'Our Father in heaven, hallowed be your name, your kingdom come, your will be done, on earth as it is in heaven. Give us today our daily bread. And forgive us our debts, as we also have forgiven our debtors. And lead us not into temptation but deliver us from the evil one.'" Jesus teaches us in this final phrase of the Lord's prayer, He is teaching us to realize that Satan is still waging war. In John chapter 17 we see that Jesus is praying for us, His disciples. He prays these words, "My prayer is not that you take them out of the world but that you protect them from the evil one. They are not of the world, even as I am not of it." (verses 15,16). Jesus prays that for you and me, not that we would be taken out of the world, even though when we put our faith in Jesus we're told in Ephesians, "We have a new citizenship." Our citizenship is not of this world. So, when you think about where we are from, our citizenship is not here, our roots are not in this world. And Jesus prays, "Don't take them out of the world but keep them from the evil one." This phrase that Jesus prays is the same phrase that He teaches us to pray in Matthew 6:13. Part of which Jesus is teaching us to pray is to realize that there is a battle for your soul. Satan is still raging a war on you and me. We are told in 1 Peter 5:8, "Your enemy the devil prowls around like a roaring lion looking for someone to devour." So, Jesus is teaching us to realize in our prayer life that there is a battle that is going on that is not of the flesh and blood, it is about the forces of evil that still exist in our world today. Because Jesus at the Cross defeated the power and penalty of sin, but its presence is still here. And one day Jesus is going to come back, and He is going to wipe off the presence of sin. He is going to establish His perfect reign of justice and peace. But until that day we live in the tension of a world full of temptation.

So, we realized that Satan is still waging war and then we recognized that we cannot win the battle on our own. This is part of the heart of prayer; prayer is an expression of dependence, it's an expression of 'I need you'. So, these final phrases of Matthew chapter 6:13 begin with 'lead us', 'we want to follow you', and 'we need you'. In the tension of a world full of temptation, we need to recognize that we cannot win the battle on our own.

> **What Jesus is teaching us to pray when He says, "Lead us not into temptation but deliver us from evil", He is teaching us to give up the vulnerability of self-confidence and claim the power of the One who overcame.**

A WORD FROM
THE PRESIDENT



BRO. DANIEL EASO

James elaborates on this topic of temptation, "When tempted, no one should say, 'God is tempting me.' For God cannot be tempted by evil, nor does he tempt anyone." (James 1:13). The reality for us is that temptation is something that we can find on our own. In verses 14 and 15, James says, "But each person is tempted when they are dragged away by their own evil desire and enticed. Then, after desire has conceived, it gives birth to sin; and sin, when it is full-grown, gives birth to death." This is the progression of sin, this is the progression of temptation. The lay preacher Haddon Robinson just so eloquently rephrase this to say, "When we have the inclination to sin keep us from the opportunity, and when we have the opportunity to sin keep us from the inclination." That's what we pray when we pray, "Lead us not to temptation", we are asking God to keep us from that inclination to sin and when we have that inclination then keep us from opportunity. So, we recognize that we cannot win the battle on our own.

The power to overcome sin and the power to overcome temptation only comes from the One who defeated it all. So, we realized that Satan is still waging war, we recognize that we cannot win the battle on our own and we rely on the One who overcame. We can overcome temptation because Jesus overcame it. What Jesus is teaching us when He teaches us to pray these words, "Deliver us from the evil one", and "Lead us not into temptation"? I think Jesus is teaching us that the battle of sin is not fought when we are face to face with temptation, the battle of sin is fought when are face to face with Jesus. The battle of sin is not won in the throes of temptation, but it is won in the patterns of prayer. And Jesus is teaching us that we need dependence.

In order to overcome it we need to depend on the One who overcame it. Don't think that you are going to win the battle by coming face to face with temptation, you win the battle by coming face to face with Jesus. And you let His mercy and His grace give you the power to claim the freedom that we have in the forgiveness of Christ.

What Jesus is teaching us to pray when He says, "Lead us not into temptation but deliver us from evil", He is teaching us to give up the vulnerability of self-confidence and claim the power of the One who overcame. We can overcome the temptation because Jesus overcame for us, we can pray to lead us from sin because He freed us from sin, we can pray to deliver us from evil because He defeated the evil one, we can turn away from temptations because He carried your cross, we can live for Him because He died for us, we can say no to sin because He said Father forgive them, we can say farewell to fear because Jesus said good-bye to the grave and we can overcome because He overcame. And we can say Amen because He said it is finished. And we can pray these words together, lead us not into temptation but deliver us from evil for yours is the kingdom and the power and the glory forever. Amen.



# ഒരു കണ്ണും കാണാത്തത് ഒരു കാതും കേൾക്കാത്തത് ഒരു ഹൃദയത്തിലും തോന്നാത്തത്...



പീരുമേട് ക്ലീറ്റസ്

ബൈബിൾ വചനങ്ങൾ കാണാപാഠം അറിയാവുന്നവർക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന ഒരു വാക്യമാണ് ഒന്ന് കൊരിന്ത്യർ രണ്ടാം അദ്ധ്യായം ഒൻപതാം വാക്യം.

ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല.'' എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. കൊരിന്ത്യാ സഭയ്ക്ക് പൗലോസും സഹോദരനായ സോസ്തെനേസും ചേർന്ന് എഴുതിയ കത്തിലെ രണ്ടാം അദ്ധ്യായത്തിലെ രണ്ട് പരാമർശ വിഷയങ്ങളുടെ പിൻതുടർച്ചയായ് പറഞ്ഞതാണ് പ്രസ്തുത വാക്യം. ഞാൻ നിങ്ങളുടെ ഇടയിൽ ജ്ഞാനിയായിട്ടല്ല ഇരുന്നതെന്നും, എന്നാൽ ജ്ഞാനികളുടെ ഇടയിൽ ജ്ഞാനിയായി തന്നെ ഇരിക്കുമെന്നും പറയുന്നു.

ഈ വാക്യം പെട്ടെന്ന് ഇഷ്ടപ്പെടുവാൻ ഉള്ള കാരണം ഒരു കണ്ണു കാണാത്തതും, ഒരു ചെവികൾക്കാത്തതും, ഒരുവന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ലാത്തത് ദൈവം വേണ്ടി നമുക്ക് ഒരുക്കും എന്നുള്ളതു കൊണ്ടാണ്. ഒരു സാധാരണ വിശ്വാസി എന്ന നിലയിൽ ഈ അർത്ഥത്തിൽ എനിക്കും പ്രസ്തുത വാക്യം ഏറെ ഇഷ്ടമുള്ളതാണ്. വാക്യത്തെ സസൂഷ്മം ശ്രദ്ധിച്ച് വായിക്കുകയും ധ്യാനിക്കുകയും ചെയ്താൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ കൂടി ഗ്രഹിക്കാൻ കഴിയും. പൗലോസിന്റെ ഈ ഉദ്ധരണിയുടെ പശ്ചാത്തലമെന്ന് പായുന്നത് യെശയ്യാവ് പ്രവചനം അറുപത്തിനാലാം അദ്ധ്യായം നാലാം വാക്യമാണ്. 'നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നു വേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല.

ദൈവം തന്നെ സ്നേഹിക്കുന്നവർക്കും തന്നെ കാത്തിരിക്കുന്നവർക്കും വേണ്ടിയാണ് ഒരു കണ്ണും കാണാത്തതും, ഒരു ചെവിയും കേൾക്കാത്തതും, ഒരു ഹൃദയത്തിലും തോന്നാത്തതുമായ കാര്യങ്ങൾ ഒരുക്കുന്നത്. ഇത് വിസ്മരിച്ച് കൊണ്ടാണ് വചനം ഉദ്ധരിച്ച് പ്രാർത്ഥിക്കുന്നത്. തന്നെ കാത്തിരിക്കാത്തവർക്കും, സ്നേഹിക്കാത്തവർക്കും ഈ അനുഗ്രഹം ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം അറിയാതെ പോകരുത്.

**കാത്തിരിക്കുക...**

യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായി ദാവീദിനെ അഭിഷേകം ചെയ്യുവാൻ ശമുവേൽ പ്രവാചകൻ യിശ്ശായിയുടെ വീട്ടിലെത്തി. യിശ്ശായിയുടെ പുത്രന്മാരിൽ ദാവീദ് ഒഴികെയുള്ള 7 പുത്രന്മാരെയും ശമുവേലിന്റെ മുമ്പിൽ വരുത്തിയെങ്കിലും അവരെ തിരഞ്ഞെടുത്തില്ല. അപ്പോൾ ശമുവേൽ നിന്റെ പുത്രന്മാർ എല്ലാവരും ആയോ എന്ന് ചോദിച്ചു. അതിന് യിശ്ശായി ഇളയവൻ ഒരുത്തൻ ഉണ്ട് അവൻ വനത്തിൽ ആടുകളെ മേയിക്കുകയാകുന്നു. ശമുവേൽ അവനോട് ആളെ അയച്ച് അവനെ വരുത്തുക. അവൻ വന്നിട്ടല്ലാതെ ഞാൻ പന്തിയിരിക്കുകയില്ല എന്ന് പറഞ്ഞ് അവനായി കാത്തിരുന്നു. കാത്തിരിപ്പിന് ക്ഷമയാവശ്യമാണ്. കാത്തിരിപ്പിന് സമയങ്ങൾ ചിലവഴിക്കേണ്ടിവരും. കാത്തിരിപ്പിന് നഷ്ടങ്ങൾ സഹിക്കേണ്ടിവരും.

**ദൈവത്തെ സ്നേഹിക്കുക...**

അബ്രഹാമിന് മക്കളില്ലാതിരുന്ന കാലം അവർ കടുത്ത മാനസീക സമ്മർദ്ധങ്ങളിലൂടെയാണ് പോയത്. മച്ചി എന്ന പരിഹാസത്തിന് സാറാ വിധേയയായി അത്, പരിഹരിക്കേണ്ടതിനായി ഹാഗാർ എന്ന ദാസിയിൽ നിന്നും ഒരു കുഞ്ഞിനെ അവർ സ്വീകരിച്ചു. ഒടുവിൽ അമ്മയേയും കുഞ്ഞിനെയും അവർക്ക് പുറത്താക്കേണ്ടി വന്നു. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട അവസരത്തിലാണ് തങ്ങൾക്ക് സ്വന്തമായ് ഒരു കുഞ്ഞിനെ ദൈവം തന്നെയാണ് വാഗ്ദത്തം ചെയ്തു നൽകിയത്. തലമുറയെ കുറിച്ചുള്ള വാഗ്ദത്തം ലഭിക്കുന്ന കാലയളവിൽ അതേ കുറിച്ചുള്ള പ്രതീക്ഷകൾ നഷ്ടപെട്ടിരുന്നു. അവർ പോലും ആഗ്രഹിക്കത്ത അവസരത്തിലാണ് ഒരു കുഞ്ഞിനെ ലഭിച്ചത്. എന്നാൽ ആ കുഞ്ഞിനെ തന്നെ യാഗം അർപ്പിക്കുവാൻ ആവശ്യപ്പെട്ടു. ഉൽപ്പത്തി ഇരുപത്തിരണ്ടാം അദ്ധ്യായം ഒന്ന് രണ്ട് വാകൃങ്ങളിൽ അതിന്റെ ശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചതു എങ്ങനെയെന്നാൽ: അബ്രാഹാമേ, എന്നു വിളിച്ചതിന്നു: ഞാൻ ഇതാ എന്നു അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ കൂട്ടിക്കൊണ്ടു മോരിയാദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നു അരുളിച്ചെയ്തു. 'നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകനെ' യാഗം അർപ്പിക്കുക എന്ന പദ പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്. അബ്രഹാമിനും സാറായ്ക്കും ഈ മകനോടുള്ള സ്നേഹത്തിന്റെ ആഴം വായനക്കാർ മസസ്സിലാക്കേണ്ടതുണ്ട്. വാർദ്ധ്യകൃത്തിലുള്ള മകൻ, ഏക മകൻ എന്നീ സവിശേഷതകൾ യിസഹാക്കിനുണ്ട്. യിസഹാക്കിനെ യാഗം കഴിക്കുവാൻ ആവശ്യപ്പെട്ടു എന്നതിലുപരി യിസഹാക്കിന് അവർ നൽകിയ സ്നേഹം ആയിരുന്നു ദൈവം ആവശ്യപ്പെട്ടത്. യോഹന്നാൻ മൂന്നിന്റെ പതിനാറാം വാകൃത്തിൽ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവവും ഏറ്റവും സ്നേഹിക്കുന്ന 'എകജാതനായ' പുത്രനെയാണ് നമുക്കായി പാപയാഗമാക്കിയത്.

ഇങ്ങനെ ദൈവത്തെ കാത്തിരിക്കുന്നവർക്ക് ഒരുക്കുന്നതാണ് ഒരു കണ്ണ് കാണാത്തതും, ഒരു ചെവി കേൾക്കാത്തതും, ഒരു ഹൃദയത്തിൽ തോന്നാതുമായ കാര്യങ്ങൾ. പലപ്പോഴും ദൈവത്തെ കാത്തിരിക്കാത്തവരും, വചനപ്രകാരം സ്നേഹിക്കാത്തവരുമാണ് ഈ വചനത്തിലെ അനുഗ്രഹങ്ങൾ കൈപ്പറ്റാൻ ദൈ സന്നിധിയിലെത്തുന്നത്.

ഈ വാക്യം നാം ഉദ്ധരിക്കുമ്പോൾ മറ്റ് ഒരു കണ്ണും, കാതും, ഹൃദയവും കാണാത്തതും, കേൾക്കാത്തതും, തോന്നാത്തതുമായ നന്മകളെയാണ് പ്രതീക്ഷിക്കുന്നതെങ്കിൽ അതിൽ നമ്മുടെ കണ്ണും, കാതും, ഹൃദയവും കൂടെ ഉൾപ്പെട്ടിട്ടുണ്ടെന്നും നാം അറിയാതെ പോകുന്നുണ്ട്. നമ്മുടെ പല പ്രാർത്ഥനകളും ചിലത് കണ്ടിട്ടും, ചിലത് കണ്ടിട്ടും, ചിലത് തോന്നിയിട്ടുമാണ്. വചനത്തിന്റെ അടിസ്ഥാനത്താൽ നമ്മുടെ കണ്ണിനും, കാതിനും, ഹൃദയത്തിനും മറഞ്ഞിരിക്കുന്നതാണ് ദൈവം നമുക്കായ് കരുതിവച്ചിരിക്കുന്നത്.

പ്രാർത്ഥിക്കുന്നവരുടെയും യാചിക്കുന്നവരുടെയും കണ്ണുകൾക്കും, കാതുകൾക്കും, ഹൃദയങ്ങൾക്കും മറച്ചത് എന്നു പറയുമ്പോൾ ദൈവം തന്റെ മക്കൾക്ക് ഒരുക്കുന്നത് നൂറ് ശതമാനവും പുതിയതായ അനുഗ്രഹം ആയിരിക്കും. അതുകൊണ്ട് നമ്മുടെ അറിവിലുള്ളതിനെ കുറിച്ച് പ്രാർത്ഥിക്കുമ്പോൾ ഈ വചനത്തിന്റെ പിൻബലം ലഭിക്കുകയില്ല. നമ്മുടെ അറിവിലും ഇല്ലാത്ത വിഷയങ്ങൾക്ക് മാത്രമേ ഈ വചനത്തിന്റെ പിൻബലം ലഭിക്കുകയുള്ളൂ...

**ഇങ്ങനെ ദൈവത്തെ കാത്തിരിക്കുന്നവർക്ക് ഒരുക്കുന്നതാണ് ഒരു കണ്ണ് കാണാത്തതും, ഒരു ചെവി കേൾക്കാത്തതും, ഒരു ഹൃദയത്തിൽ തോന്നാതുമായ കാര്യങ്ങൾ. പലപ്പോഴും ദൈവത്തെ കാത്തിരിക്കാത്തവരും, വചനപ്രകാരം സ്നേഹിക്കാത്തവരുമാണ് ഈ വചനത്തിലെ അനുഗ്രഹങ്ങൾ കൈ പ്പറ്റാൻ ദൈ സന്നിധിയിലെത്തുന്നത്.**



പാസ്റ്റർ ഏബ്രഹാം ജോർജ്
വെണ്മണി



# ഗോഫർ മരത്തിന്റെ സവിശേഷതകൾ

പുരാതന കാലഘട്ടത്തിലെ ഒരു സംക്ഷിപ്ത രൂപമാണല്ലോ ഉൽപ്പത്തി പുസ്തകം ഒന്ന് മുതൽ 12 വരെയുള്ള അദ്ധ്യായങ്ങൾ. അതിലെ പ്രധാനപ്പെട്ട ഒരു സംഭവമാണ് നോഹയുടെ കാലത്തെ ജലപ്രളയം. ആ പ്രളയത്തിൽ നിന്നും രക്ഷപ്പെടേണ്ടതിനായി ഗോഫർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുവാൻ ദൈവം നോഹയോട് ആവശ്യപ്പെട്ടു. ആ ഗോഫർ മരത്തിന്റെ സവിശേഷതകളിലേക്കുള്ള ഒരു എത്തിനോട്ടമാണ് ഈ ലേഖനം.

**വളരെ ഉയരത്തിൽ വളരും**

പെട്ടകം പണിക്ക് വളരെ നീളമുള്ള തടികൾ ആവശ്യമാണല്ലോ. കാരണം 450 നീളവും, 75 അടി വീതിയും, 45 അടി ഉയരവും മൂന്ന് തട്ടുകളുമുള്ള പെട്ടകം ഉണ്ടാക്കുവാനാണ് ദൈവം ആവശ്യപ്പെട്ടത്. ഗോഫർ മരം വളരെ ഉയരത്തിൽ വളരുന്നതുകൊണ്ട് നീളമുള്ള പലകകളും അതിൽ നിന്ന് ലഭിക്കും. നമ്മെ കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷയും നാം ദൈവം ആക്കിയിരിക്കുന്ന ജീവിത മേഘലകളിൽ പ്രത്യേകിച്ച് ആത്മീയത്തിൽ, ശുശ്രൂഷയിൽ വളരണമെന്നാണ്. മുരടിച്ച് പോകാതെ നാം വളരണം. ഒരു ആത്മീകന് ക്രിസ്തു എന്നെയോളം വളരാം. കർത്താവിന്റെ വരവോളം ആത്മിയത്തിൽ വളരാം. തന്റെ മരണം വരെയും ഒരുവന് ആത്മീയത്തിൽ വളരാം. ഭൂമിയിലെ ബാക്കി എല്ലാറ്റിന്റെയും വളർച്ച നിലയ്ക്കും എന്നാൽ കർത്താവിനെ അക്ഷയമായ് സേവിക്കുന്ന ഒരു ഭക്തന്റെ ആത്മീയ വളർച്ച നിലക്കുകയില്ല. അവർ ആത്മിയത്തിൽ വളർന്ന് കൊണ്ടിരിക്കും.

**വളരെ വണ്ണമുള്ള തടിയായിരിക്കും**

പുഷ്ടിയോടെ അത് വളരും. വീതിയുള്ള പലകകളും ഈ നിർമ്മാണത്തിന് ആവശ്യമാണ്. നമ്മെ കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് ദൈവീക കാര്യത്തിൽ ദൈവീക ആലയത്തോടുള്ള ബന്ധത്തിൽ തഴച്ചും, പുഷ്ടിയോടും വളരണമെന്നാണ്. നാം ആഗ്രഹിക്കുന്നെങ്കിൽ കർത്താവ് കൃപ തന്ന് മുരടിപ്പുകളെ മാറ്റി പുഷ്ടിയോടെ വളരുവാൻ ദൈവം സഹായിക്കും.

**കാറ്റുകളെ അതിജീവിക്കും**

കാറ്റുകളെ അതിജീവിച്ചെങ്കിൽ മാത്രമേ ഒരു മരത്തിനി ദീർഘകാലം വളർന്ന് വലുതാകുവാൻ കഴിയുള്ളു. നമ്മുടെ ജീവിതത്തിന് നേരെയും ശുശ്രൂഷകൾക്ക് നേരെയും പലവിധ കാറ്റുകൾ ആഞ്ഞടിക്കും. വിദ്വേഷത്തിന്റെയും, വെറുപ്പിന്റെയും, ഇല്ലായ്മയുടെയും, രോഗത്തിന്റെയും, ഒറ്റപ്പെടുത്തലിന്റെയും, അവഗണനയുടെയും ഒക്കെ കാറ്റുകൾ നമുക്കെതിരെ കടന്നുവരും. നമ്മെ ശരിയായി തിരിച്ചറിയുവാൻ കഴിയാത്ത ധാരാളം പേർ നമുക്ക് ചുറ്റും കണ്ടേക്കാം. ഇങ്ങനെ പലവിധ കാറ്റുകൾ കടന്നുവരുമ്പോൾ നാം നശിച്ച് പോകുവനല്ല ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നത്. കാറ്റികളെ അതിജീവിച്ച് നാം വളരണം. കാറ്റിന്റെ നടുവിൽ ഒന്നുകിൽ പിഴുത് പോകാം. അല്ലങ്കിൽ ചാഞ്ഞ് പോകാം അല്ലങ്കിൽ ഒടിഞ്ഞ് പോകാം. ഈ മൂന്നി പ്രതിസന്ധികൾ നിലനിൽക്കുന്നുണ്ട്. പക്ഷെ ഗോഫർ മരം പിഴുത് പോകാതെ ചാഞ്ഞ് പോകാതെ അത് ഒടിഞ്ഞ് പോകാതെ നിൽക്കുകയാണ്. കർത്താവ് നമ്മുടെ പടകിൽ ഉണ്ടെന്ന് ഓർക്കണം ജീവിതത്തിന് നേരെ ചുഴലിക്കാറ്റുകൾ അടിക്കുമ്പോൾ നാം കർത്താവിനെ ഉണർത്തുമെങ്കിൽ അവുടുന്ന് കാറ്റുകളെ ശാന്തമാക്കും. വളരുവാൻ ഉയരത്തിൽ വളരുവാൻ പുഷ്ടിയോട് വളരുവാൻ കർത്താവ് നമ്മെ സഹായിക്കും.

**ആഴത്തിലേക്ക് വേരുകൾ ഉറപ്പിക്കും**

വളർച്ച സാധ്യമാകണമെങ്കിൽ, കാറ്റുകളെ അതിജീവിക്കണമെങ്കിൽ ആഴത്തിലേക്കും, നാനാവശങ്ങളിലേക്കും വേരുകൾ ഇറങ്ങേണ്ടത് ആവശ്യമാണ്. തിരുവെഴുത്ത് ആത് ആവർത്തിച്ച് പറയുന്നുണ്ട്. എഫേസ്യ ലേഖനത്തിൽ അപ്പോസ്തോലനായ പൗലോസ് പറയുന്നത് ദൈവ സ്നേഹത്തിൽ വേരൂന്നി. കോലോസ്യ ലേഖനത്തിലും പൗലോസ് പറയുന്നത് നിങ്ങൾ ക്രിസ്തുവിൽ വേരൂന്നുക എന്നുമാണ് . യിരെമ്യാവ് പ്രവചനത്തിൽ നാം വായിക്കുന്നത് ആറ്റരികത്ത് വേരൂന്നി എന്നുമാണ്. അപ്പോൾ ദൈവത്തിന്റെ ആഴമേറിയ അളവറ്റ സ്നേഹത്തിൽ വേരൂന്നി, ക്രിസ്തുവിനെ കുറിച്ചുള്ള ആത്മിയബോധ്യങ്ങളിൽ തിരിച്ചറിവുകളിൽ വേരൂന്നി പരിശുദ്ധാത്മ നദിയുടെ ആഴങ്ങളിലേക്ക് വേരുകളിറക്കി നിന്നെങ്കിൽ മാത്രമേ നമുക്ക് വളർച്ച സാധ്യമാകയുള്ളു. നാം അങ്ങനെ ആഴത്തിലേക്ക് വേരുകളിറക്കി ക്രിസ്തുവിൽ വളരണം. ദൈവ വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങണം. ആഴത്തിലാണ് വിലപിടിപ്പുള്ള വസ്തുക്കളുള്ളത്. ആഴത്തിലേക്കിറങ്ങി വിലയേറിയത് കണ്ടെത്തി അത് നമ്മുടെ വളർച്ചയ്ക്ക് മുഖാന്തരമായി തീരും.

**കാതലുള്ള തടിയാണ്**

എത്ര ഉയരത്തിൽ വളർന്നാലും, എത്ര വണ്ണത്തിൽ വളർന്നാലും എത്ര ആഴത്തിൽ വേരുകളിറക്കിയാലും കാതലില്ലങ്കിൽ ഒരു തടി ഉപയോഗിക്കുവാൻ കഴിയുമോ? ഗോഫർ മരത്തിന്റെ പ്രത്യേകത വളരെ നല്ല കാതലുണ്ടെന്നുള്ളതാണ്. നാമും കാതലുള്ളവരായിരിക്കണം. വിശ്വാസി, ക്രിസ്ത്യാനി, ദൈവപൈതൽ, എന്നീ പേരുകളിൽ മേനി പറഞ്ഞ് നടന്നാൽ പോര. വചനത്തിന്റെ കാതൽ, വിശ്വാസത്തിന്റെ കാതൽ നമുക്കുണ്ടാകണം. എങ്കിൽ മാത്രമേ നമ്മെ ഉപയോഗിക്കുവാൻ ദൈവത്തിന് കഴിയുകയുള്ളു. അല്ലങ്കിൽ പ്രഹസനങ്ങളായി തീരും. നമ്മുടെ വാക്കുകൾ കൊണ്ട് നമുക്ക് പ്രയോജനം ഇല്ലാത്തതായ് തീരും. സമയം വെറുതെ നഷ്ടപ്പെടുത്തിയെന്ന് വരും. നമ്മുടെ പ്രഭാ ഷണങ്ങളും , എഴുത്തുകളും, ദൈവിക ദൂധുകളും, ദൈവം ഏൽപ്പിക്കുന്നതൊക്കെ പ്രയോജനകരമായി തീരണമെങ്കിൽ നാം വചനത്തിന്റെ കാതലുള്ളവരായി തീരണം. വിശ്വാസത്തിന്റെ ശരിയായ ആത്മീയ ജീവിതത്തിന്റെ കാതലുള്ളവരായി തീരണം.

**ദ്രവിച്ച് പോകാത്തത്**

വെള്ളത്തിലിട്ടാൽ ദ്രവിച്ച് പോകാത്ത ഒരു തടിയാണ് ഗോഫർ മരത്തിന്റേത് ചില തടികൾ ദ്രവിച്ചും വെള്ളത്തിലിട്ടാൽ അഴുകിയും നശിച്ചും പോകും പോകും. അങ്ങനെ ഒരു തടി കൊണ്ട് പെട്ടകം ഉണ്ടാക്കാൻ കഴിയുകയില്ല. അതുകൊണ്ട് എത്ര വെള്ളത്തിൽ കിടന്നാലും ദ്രവിച്ച് പോകാത്ത ഒരു മരമാണ് ഗോഫർ മരം. ഈ ലോകമാകുന്ന വെള്ളത്തിലാണ് കിടക്കുന്നത് എന്നോർക്കണം. ലോകത്തിന്റെ ഇമ്പങ്ങൾ, ലോകത്തിന്റെ വശീകരണങ്ങൾ, ലോകത്തിന്റെ ചിന്തകൾ നമുക്ക് ചുറ്റും ഉണ്ട്. പക്ഷെ അത് നമ്മെ സ്വാധീനിക്കാതെ, നമ്മിലേക്ക് കയറാതെ നാം സൂക്ഷിക്കേണ്ടതാവശ്യമാണ്. എങ്കിൽ മാത്രമേ നമ്മുടെ ജീവിതം ദൈവത്തിന് പ്രയോജനകരമായി തീരുകയുള്ളു.

**മറയ്ക്കുന്നതാണ്**

ഗോഫർ എന്ന പദം എബ്രായ ഭാഷയിലെ കാഫർ എന്ന പദവുമായി അടുത്ത ബന്ധമുണ്ട്. കാഫർ എന്ന പദത്തിന്റെ അർത്ഥം മായ്ക്കുക എന്നാണ് പാപം മായ്ക്കുന്നതിനെ കുറിച്ച് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന ഒരു പ്രത്യക പദമാണ്. അവർ യാഗം കഴിച്ച് പാപ മോചനം നേടിയിരുന്നു. നമുക്കറിയാം പരമയാഗമായ് ക്രിസ്തു ക്രൂശിൽ നമുക്ക് വേണ്ടി മരിച്ചു. നാം അത് വിശ്വസിക്കുമ്പോൾ കർത്താവ് നമുക്ക് വേണ്ടി തന്റെ പരിശുദ്ധ രക്തത്താൽ പാപങ്ങളെ കഴുകി കളഞ്ഞിട്ട് തന്റെ നീതിയാൽ നമ്മെ മറയ്ക്കുകയാണ്. അവിടത്തെ നീതി നമ്മെ അണിയിക്കുകയാണ്. ക്രിസ്തുവിന്റെ നീതി നമുക്ക് വേണ്ടി കണക്കിടുകയാണ്. എത്ര വലിയ ദൈവ സ്നേഹമാണ്. ഗോഫർ മരം ക്രിസ്തുവിന്റെ ക്രൂശീകരണത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. കർത്താവ് ക്രൂശ്മരണത്തിലൂടെ നമുക്ക് വലിയ വീണ്ടെടുപ്പിന്റെ പ്രവൃത്തി ആ പ്രവൃത്തിയിലേക്കുള്ള സൂചനയാണ് ഗോഫർ മരം.

**സുഗന്ധമുള്ളതാണ്**

ചില തടികളൊക്കെ വെള്ളത്തിലിടുമ്പോൾ ദുർഗന്ധം വരും. അങ്ങനെ ഒരു തടിയായിരുന്നെങ്കിൽ അവർകൊക്കെ അതിനകത്ത് പാർക്കുവാൻ കഴിയുകയില്ല. ഏകദേശം ഒരു വർഷത്തിൽ കുറയാതെ നോഹയും കുടുംബവും, മറ്റ് പക്ഷ ഇഴജാതികളൊക്കെ പെട്ടകത്തിൽ വസിച്ചു. ദുർഗന്ധമില്ലാത്ത സുഗന്ധമുള്ള ഒരു തടിയാണ് ഗോഫർ മരം. ഇതിന്റെയും ആത്മീയ അർത്ഥം തിരിച്ചറിയണം. നാം രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിച്ചു പോകുന്നവരുടെ ഇടയിലുമൊക്കെ ക്രിസ്തുവിന്റെ സൗരഭ്യം പരത്തുക എന്നതാണ് നമ്മെ കുറച്ചുള്ള പരമ ഉദേശം. ക്രിസ്തുവിന്റെ നാമത്തിന്റെ സൗന്ദ്യരും നാം പരത്തണം. നാം നിമിത്തം യേശുവിന്റെ നാമം ദുഷിക്കപ്പെടുരുത്. നിങ്ങളുടെ വാക്ക്, പ്രവൃത്തി, ഇടപാടുകൾ, സ്വഭാവം നിമിത്തം യേശുവിന്റെ നാമം മറ്റുള്ളവരിൽ ദുഷിക്കപ്പെടുന്നെങ്കിൽ കണക്ക് കൊടുക്കേണ്ടുന്ന ഒരു ദിവസം വരും എന്ന് മാക്കാതിരിക്കുക. ക്രിസ്തുവിന്റെ സൗരഭ്യവാസനായി നാം തീരേണം.

**ഔഷധഗുണമുള്ളത്**

ഔഷധഗുണമുള്ള ഒരു തടിയാണ് ഗോഫർ മരം. ഏകദേശം ഒരു വർഷത്തിലധികം നോഹയും കുടുംബവും പെട്ടകത്തിൽ താമസിച്ചു. പുറത്തെ ജലപ്രളയം, കനത്തമഴ, ആ തണുപ്പൊക്കെ അകത്ത് കടക്കാതെ മറ്റ് മരവിപ്പോ ഇതൊന്നും ജീവജാലങ്ങൾക്കും നോഹയ്ക്കും കുടുംബത്തിനും വരാതെ സൂക്ഷിയ്ക്ക പെട്ടതിന്റെ കാരണം ഗോഫർ മരം ഔഷധഗുണമുള്ളതാണ്. തണുപ്പിനെ പ്രതിരോധിക്കുന്നു. അത് ശരീരത്തിന് ഗുണകരമായ ഒന്നാണ്. ഇന്ന് ഗോഫർ മരം ലോകത്തിലില്ല. പക്ഷെ അന്നത്തെ ആവശ്യത്തി ദൈവം ഗോഫർ മരത്തെ ഭൂമിയിൽ അനുവദിച്ചിരുന്നു.

അതുകൊണ്ട് ഗോഫർ മരത്തിൽ നിന്നും എടുക്കുവാൻ കഴിയുന്ന ഈ ആത്മീയ പാഠങ്ങൾ കൊണ്ട് നമുക്ക് ക്രിസ്തുവിൽ വളരാം. അങ്ങനെ നമ്മുടെ ഈ ജീവിതം ധന്യമാക്കാം.

**ഗോഫർ എന്ന പദം എബ്രായ ഭാഷയിലെ കാഫർ എന്ന പദവുമായി അടുത്ത ബന്ധമുണ്ട്. കാഫർ എന്ന പദത്തിന്റെ അർത്ഥം മായ്ക്കുക എന്നാണ്.**



പാസ്റ്റർ അനു
ജയ്പ്പൂർ

# ബുദ്ധിയും വിശുദ്ധിയും സുവിശേഷീകരണത്തിൽ!

സുവിശേഷീകരണം ഏറെ വെല്ലുവിളികളിലൂടെ കടന്നുപോകുന്ന കാലഘട്ടമാണിത്. 'ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി' (2 കൊരി. 4:4) എന്ന കാരണമാണ് ഈ വെല്ലുവിളികളുടെ അടിസ്ഥാനം. അതാകട്ടെ ഈ പ്രമേയത്തിൽ എക്കാലവും ചൂണ്ടിക്കാണിക്കാനാകുന്ന കാരണവുമാണ്!

ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചമാണ് സുവിശേഷം. അതിന്റെ വ്യാപനം അന്ധകാര പരിസരങ്ങൾക്കു തീർക്കുന്ന പ്രതിരോധമാണ് സുവിശേഷീകരണത്തിന്റെ വിജയം. സുവിശേഷം പൈശാചിക മണ്ഡലങ്ങൾക്കു മുമ്പിൽ ഉയർത്തുന്ന ഈ പ്രതിരോധം മനുഷ്യരക്ഷയുടെ സാക്ഷാത്കാരമാണ് ഉറപ്പാക്കുന്നത്. അതിനെതിരെയുള്ള യുദ്ധപ്രഖ്യാപനമാണ് പിശാചും അവന്റെ കൈയ്യാളുകളും കാലാകാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നത്. അതായതു, അവിശ്വാസികളുടെ അന്തർവീക്ഷണത്തിൽ കൈകടത്തി അതിൻ മേൽ സുവിശേഷത്തിന്റെ പ്രകാശനം തടസ്സപ്പെടുത്തുന്നതിലൂടെ നേട്ടം കൈവരിക്കാമെന്ന ചിന്തയും ശ്രമവും!

നമ്മുടെ കർത്താവായ യേശുവിന്റെ പഠിപ്പിക്കലുകളുടെ ഇടങ്ങളിലും ഇത്തരത്തിലുള്ള കൈകടത്തലുകൾ ഏറെ സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട്. യേശുവിന്റെ പരീക്ഷകൾ അത്തരത്തിലുള്ള വെല്ലുവിളികൾ തന്നെ ആയിരുന്നു. നിത്യരക്ഷാകര ദൈവിക പദ്ധതികളെ തച്ചുടച്ചുകൊണ്ടു സാത്താന്യ പദ്ധതികളുടെ നടപ്പാക്കൽ എന്ന ഉന്നത്തിലൂന്നി യേശുവിനെ സമീപിച്ചു 'ഈ ലോകത്തിന്റെ ദൈവം!' എന്നാൽ അയച്ചവന്റെ പ്രവൃത്തി മാത്രം ചെയ്യുവാൻ വന്നവൻ പിശാചിന്റെ നെറുക ക്രൂശിൽ തകർത്തുകൊണ്ട് അവന്റെമേൽ പരസ്യമായ വിജയം കൊണ്ടാടി.

മറ്റൊരിക്കൽ യെരുശലേമിലും പരിസരങ്ങളിലും അഥവാ 'പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ചു' (ലൂക്കോ. 13:22) ദൈവരാജ്യത്തിന്റെ പ്രഖ്യാപനത്തിൽ വ്യാപൃതനായ യേശുവിനോടു 'ഇവിടം വിട്ടു പൊയ്ക്കാൾക ഹെരോദാവു നിന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നു' (ലൂക്കോ. 13:31) എന്ന് പരീശന്മാർ അറിയിച്ചു. ഇത് സുവിശേഷത്തിന്റെ വ്യാപനം തടയുക എന്ന ലക്ഷ്യമല്ലാതെ മറ്റെന്താണ്! എന്നാൽ യേശുവാകട്ടെ പരീശമനസ്സുകളുടെ ഉള്ളിലിരുപ്പ് കണ്ടറിഞ്ഞിട്ടു തന്റെ പദ്ധതികളിൽ അണുവിടയും മാറ്റം വരുത്തുവാൻ തയ്യാറല്ല എന്ന പ്രഖ്യാപനമാണ് നടത്തിയത്. അതായത് ''നിങ്ങൾ പോയി ആ കുറുക്കനോടു: ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കുകയും ചെയ്യും. എങ്കിലും ഇന്നും നാളെയും മറ്റെന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു; യെരൂശലേമിന്നു പുറത്തുവെച്ചു ഒരു പ്രവാചകൻ നശിച്ചുപോകുന്നതു അസംഭവ്യമല്ലോ' (ലൂക്കോ. 13:32,33) എന്ന പ്രതികരണമാണ് നടത്തിയത്. താൻ മുൻ നിശ്ചയിച്ച കാര്യപരിപാടികളിൽ മാറ്റം വരുത്തുവാൻ ഹെരോദാവിന്റെ ഭീഷണികൾക്കു ശേഷിയില്ലെന്ന പ്രഖ്യാപനമല്ലേ യേശുവിന്റെ വാക്കുകളിലെ വ്യംഗ്യം!

**സുവിശേഷത്തോട് വിമുഖത പുലർത്തുന്ന വീടോ ഗ്രാമമോ വിട്ടുപോകുമ്പോൾ അവിടെനിന്നും സുവിശേഷകന്റെ കാലിൽപറ്റിയ അവിടുത്തെ പൊടി അവിടെ തന്നെ തട്ടിക്കളയുവാനും യേശു നിർദ്ദേശിച്ചു. അതിനു കാരണമോ, സമാധാന സന്ദേശവാഹകരുടെ നിരാകരണം വരുവാനുള്ള ന്യായവിധിയുടെ അനിവാര്യത ഉറപ്പാക്കുന്ന തെളിവുകളുടെ കൂമ്പാരങ്ങൾ തന്നെ ആയിരിക്കുമെന്നു സാരം!**

അപ്പോസ്തോലിക കാലഘട്ടത്തിലും സ്ഥിതി വ്യത്യസ്തം ആയിരുന്നില്ല. 'പുരുഷന്മാരുടെ എണ്ണം അയ്യായിരത്തോളം ആയ' (അപ്പൊ. പ്ര. 4:4) ഘട്ടത്തിൽ ജനത്തിന്റെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും മഹാപുരോഹിതന്മാരും ഒരുമിച്ചു നടത്തിയ കൂടിയാലോചനയുടെ ഫലമായി (4:56) പത്രോസും യോഹന്നാനും കോടതി കയറേണ്ടതായി വന്നു. പ്രത്യക്ഷമായ അടയാളം സുന്ദരമെന്ന ദൈവാലയ കവാടത്തിൽ മുടന്തന്റെ സൗഖ്യത്തോടെ സംഭവിച്ചു കഴിഞ്ഞു. അതിനെ നിഷേധിക്കുവാനോ ജനത്തിന്റെ കണ്ണിൽ നിന്നും മറച്ചു പിടിക്കുവാനോ തക്കതായ ന്യായമൊന്നും മുൻപിൽ കാണുന്നില്ല താനും. ഈ പശ്ചാത്തലത്തിൽ ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ഏതൊരുവിധ ഇടപെടലിനും അതിമാരകമായ തിരിച്ചടി നേരിടുവാൻ സാധ്യതയുണ്ടെന്ന കണക്കുകൂട്ടൽ മത-രാഷ്ട്രീയ വ്യവഹാരജ്ഞന്മാരെ തെല്ലൊന്നുമല്ല ആശങ്കപ്പെടുത്തിയത്.

പേരിനെങ്കിലും ഒരിടപെടൽ നടത്തിയേ മതിയാകൂ എന്ന സാമാന്യതിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അപ്പോസ്തോലന്മാരെ വിളിച്ചിട്ടു 'യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുതു, ഉപദേശിക്കയും അരുതു എന്നു കല്പിച്ചു' (4:18). അപ്പോസ്തോലന്മാരാകട്ടെ 'ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റേ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല' (4:19,20) എന്ന അവരുടെ കടുപ്പിച്ച നിലപാട് വിസ്താരസംഘത്തെ അസന്നിഗ്ദ്ധമായി അറിയിക്കുവാനും മറന്നില്ല.

തുടർന്നിങ്ങോട്ടു അപ്പോസ്തോലന്മാരുടെ രക്തസാക്ഷി മരണം മുതൽ ക്രൈസ്തവ മാർഗ്ഗാവലംബികളായ അസംഖ്യം ശിക്ഷ്യന്മാർ അതേ പാതയിലൂടെ പദമൂന്നി നാഥന്റെ സവിധമണഞ്ഞു. തീർന്നില്ല, പിന്നിട്ട രണ്ടായിരത്തിൽ പരം വർഷങ്ങളായി സുവിശേഷത്തിന്റെ വ്യാപനം തടയുക എന്ന ഏകലക്ഷ്യത്തിൽ ക്രിസ്തുവിരോധികൾ സകല ഭിന്നതയും മറന്ന് ഒറ്റക്കെട്ടായി നിൽക്കുന്നതു നാം അനുദിനം കാണുന്നുമുണ്ട്.

ഇവിടെയാണ് സുവിശേഷീകണത്തിന്റെ പ്രായോഗിക പരിശീലനത്തിന്റെ പശ്ചാത്തലം മുൻനിർത്തി യേശു തന്റെ ശിക്ഷ്യന്മാരോട് തിരുവായ് മൊഴിഞ്ഞ തത്വത്തിന്റെ പ്രസക്തി കാര്യക്ഷമമായി തിരിച്ചറിയേണ്ടത്. യേശു പറഞ്ഞു: 'ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ' (മത്താ. 10:16). തത്വത്തിന്റെ അർത്ഥ സമ്പന്നതയും ആശയ സംപുഷ്ടിയും ഉറവിടത്തിൽ നിന്നും അടർത്തിമാറ്റി പ്രയോഗിക്കുന്നത് സാധാരണമാണല്ലോ! എങ്കിലും സുവിശേഷീകരത്തിന്റെ ക്രിസ്തുമാതൃകയായി ഈ തത്വത്തെ കാണുന്നതാണ് ഏറ്റവും അടുത്ത ശരി!

സുവിശേഷീകരണത്തിലെ വെല്ലുവിളികളെ അതിജീവിക്കുവാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിന് ചൂണ്ടിക്കാണിക്കാനാകുന്ന 'ഒറ്റമൂലിയായി' ഈ വാക്യത്തെ കാണുന്നതിൽ തെറ്റുണ്ടോ! ചുറ്റുപാടുകളിലേക്കു തുറന്നു പിടിച്ച കണ്ണുകളും അടച്ചു കളയാത്ത കാതുകളും ഈ പ്രമേയത്തിൽ അനിവാര്യമാണു താനും. ബുദ്ധിയും വിശുദ്ധിയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായി ഈ തിരുവെഴുത്തിൽ യേശുകർത്താവ് അവതരിപ്പിക്കുന്നു എന്നാണു ഞാൻ ചിന്തിക്കുന്നത്. അതായതു, ചുറ്റുപാടുകളിൽ നടക്കുന്ന ചലനങ്ങളെ നന്നായി തിരിച്ചറിയുവാൻ സുവിശേഷകന്മാർ ശ്രദ്ധാലുക്കൾ ആയിരിക്കണമെന്നു സാരം.

സുവിശേഷം പ്രസംഗിക്കുവാൻ അനുകൂലമായ പശ്ചാത്തലം തിരിച്ചറിയുവാൻ സുവിശേഷകൻ തയ്യാറാകണം. ബുദ്ധിയോടെ ചുവടുകൾ വയ്ക്കുന്നതാണ് എല്ലാ മേഖലകളിലും എന്നപോലെ സുവിശേഷീകരണത്തിൽ കരണീയം. സുവിശേഷീകരണം ദീർഘകാല അടിസ്ഥാനത്തിലും ഫലദായക പ്രതിഫലനം എന്ന പ്രതികരണം പ്രതീക്ഷിച്ചുള്ളതും ആണെങ്കിൽ മേൽപ്പറയപ്പെട്ട നാണയത്തിന്റെ ഇരുപുറങ്ങളും സമാന്തരമായി പ്രായോഗിക തലത്തിൽ നിവർത്തിക്കപ്പെടുക തന്നെ വേണം.

സുവിശേഷത്തിന്റെ സമാധാനം കൈക്കൊള്ളുവാൻ യോഗ്യതയുള്ള വീടുകളെയും സുവിശേഷത്തെയും സുവിശേഷകനെയും കൈക്കൊള്ളുവാൻ മനസ്സുള്ള വ്യക്തികളെയും (മത്താ. 10:12–13) കേന്ദ്രീകരിച്ചായിരിക്കണം ഒരിടത്തെ സുവിശേഷ പ്രവർത്തനത്തിന്റെ ഗതിനിർണ്ണയം എന്നല്ലേ യേശു ഇവിടെ സൂചിപ്പിക്കുന്നത്! അതായത്, സുവിശേഷത്തെയും സുവിശേഷകനെയും കൈക്കൊള്ളുവാൻ മനസ്സില്ലാത്ത വീട്ടിലോ പട്ടണത്തിലോ ബലാത്കാരേണ സുവിശേഷം പ്രസംഗിക്കുന്നതിൽ നിന്നും തന്റെ ശിക്ഷ്യന്മാരെ യേശു കൃത്യമായി വിലക്കിയിരുന്നു. ആ ഇടങ്ങൾ വിട്ടു പൊയ്ക്കളയുവാൻ യേശു തന്റെ ശിക്ഷ്യന്മാരെ ബുദ്ധിയുപദേശിച്ചു. സുവിശേഷത്തോട് വിമുഖത പുലർത്തത്തുന്ന വീടോ ഗ്രാമമോ വിട്ടുപോകുമ്പോൾ അവിടെനിന്നും സുവിശേഷകന്റെ കാലിൽപറ്റിയ അവിടുത്തെ പൊടി അവിടെ തന്നെ തട്ടിക്കളയുവാനും യേശു നിർദ്ദേശിച്ചു. അതിനു കാരണമോ, സമാധാന സന്ദേശവാഹകരുടെ നിരാകരണം വരുവാനുള്ള ന്യായവിധിയുടെ അനിവാര്യത ഉറപ്പാക്കുന്ന തെളിവുകളുടെ കൂമ്പാരങ്ങൾ തന്നെ ആയിരിക്കുമെന്നു സാരം!

ചുരുക്കത്തിൽ, സുവിശേഷത്തിന്റെ നിരാസമോ സ്വീകാര്യമോ അല്ല സുവിശേഷീകരണത്തിന്റെ ഗതിനിയന്ത്രണം നടത്തുന്നത്. മറിച്ചു, അനുകൂല പരിസരങ്ങളിൽ പങ്കിടുന്ന ഒരു വാക്കിനോ തണുപ്പിക്കുന്ന ഒരു ചെയ്തിക്കോ അനിവാര്യത നിറഞ്ഞ ഒരു പശ്ചാത്തലത്തെ സ്വാധീനിക്കാനാകും. പാമ്പിനെപ്പോലെയുള്ള ബുദ്ധിയും പ്രാവിനെപ്പോലെയുള്ള വിശുദ്ധിയും സമന്വയിക്കുന്നിടത്തു സുവിശേഷം അതിന്റെ പരമാവധി പരിപാകത കൈവരിക്കുമെന്നു ചൂണ്ടിക്കാണിക്കുവാനാണ് പ്രേരണ!



**സാം മാത്യു, കണ്ണൂർ**



# അൽബേനിയൻ സുവിശേഷികരണം

## ലോകത്തിലെ ആദ്യത്തെ നിരീശ്വര രാഷ്ട്രമായി സ്വയം പ്രഖ്യാപിച്ച അൽബേനിയ

യൂറോപ്പിലെ ഏറ്റവും വലിയ ദരിദ്ര രാജ്യങ്ങളിലൊന്നാണ് അൽബേനിയ. ജനാധിപത്യം സ്വീകരിക്കുന്നതിനായി 1990-ൽ അത് കമ്മ്യൂണിസത്തിന്റെ ചങ്ങലകൾ വലിച്ചെറിഞ്ഞ്, 2009-ൽ നാറ്റോയിൽ ചേരുകയും നിലവിൽ യൂറോപ്യൻ യൂണിയന്റെ അംഗത്വത്തിനുള്ള കാത്തിരിപ്പിലുമാണ്. എന്നാൽ വർഷങ്ങളായി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ തകർച്ചയിലാണ്. ഗ്രാമപ്രദേശങ്ങളിൽ കഴുതകളും വണ്ടികളും ഇപ്പോഴും ഒരു സാധാരണ കാഴ്ചകളാണ്. അൽബേനിയയിലെ 3 ദശലക്ഷം വരുന്ന ജനസംഖ്യയിൽ 40 ശതമാനം പേരും ഇപ്പോഴും കൃഷി ചെയ്താണ് ഉപജീവിക്കുന്നത്. അവരിൽ കുറച്ച് പേരെങ്കിലും അത്യാവശ്യം ഉന്നത നിലവാരത്തിൽ ജീവിക്കുന്നു. പല ആളുകളും, പ്രത്യേകിച്ച് ചെറുപ്പക്കാർ, ഇറ്റലി, ഗ്രീസ് തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറാനും തിരിച്ച് വരാനും ആഗ്രഹിക്കുന്നവരാണ്.

1967-ൽ, കമ്മ്യൂണിസ്റ്റ് ഏകാധിപതി എൻവർ ഹോക്സയുടെ കീഴിൽ, അൽബേനിയ ലോകത്തിലെ ആദ്യത്തെ നിരീശ്വര രാഷ്ട്രമായി സ്വയം പ്രഖ്യാപിച്ചു. ക്രിസ്ത്യാനിറ്റിയും മറ്റ് മതങ്ങളും നിരോധിക്കപ്പെട്ടു എന്നിരുന്നാലും നിരവധി രഹസ്യ ക്രൈസ്തവ വിശ്വാസികൾ അവിടെ അവശേഷിച്ചിരുന്നു. 1990-ന് ശേഷം അൽബേനിയക്കാർക്ക് വീണ്ടും ആരാധന നടത്താനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ക്രിസ്ത്യൻ സാഹിത്യങ്ങൾ രാജ്യത്ത് നിറയുവാൻ തുടങ്ങി. ഇപ്പോൾ ബൈബിളിന്റെ മൂന്ന് പ്രാദേശിക ഭാഷകളിലെ വിവർത്തനങ്ങൾ ലഭ്യമാണ്. കൂടാതെ ഒരണ്ണം ഉം മറ്റ് ക്രിസ്ത്യൻ റേഡിയോ സ്റ്റേഷനുകളും പതിവായി പ്രക്ഷേപണം ചെയ്യുന്നു. ഇപ്പോൾ ജനസംഖ്യയുടെ 62 ശതമാനം മുസ്ലീങ്ങളും 32 ശതമാനം ക്രിസ്ത്യാനികളും ആണ്. എങ്കിലും ഒരു ചെറിയ ന്യൂനപക്ഷം മാത്രമായ് ഇവാഞ്ചലിക്കൽ കാരും ഉണ്ട്.

അൽബേനിയയിൽ ജീവിക്കുന്ന ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്, രാജ്യത്ത് സുവിശേഷവൽക്കരണത്തിനുള്ള സുപ്രധാനമായ ഒരു ജാലകം ഇപ്പോൾ തുറന്നിട്ടിരിക്കുന്നു എന്നാണ്. ഭൂരിഭാഗം അൽബേനിയൻ മുസ്ലിംകളും സാധാരണ വിശ്വാസികളാണ്. അവരിൽ ഒരു വിഭാഗം ക്രിസ്ത്യാനിറ്റിയിൽ വളരെയധികം താൽപ്പര്യം കാണിക്കുന്നു. ഉദാഹരണത്തിന്, തെക്കൻ അൽബേനിയയിലെ പോഗ്രഡെക്കിന് സമീപമുള്ള മൊക്ര പ്രദേശത്ത്, 47 മുസ്ലീം ഗ്രാമങ്ങളുണ്ട്. ക്രിസ്ത്യൻ മിനിസ്ട്രി ലിവിംഗ് വാട്ടർ അഡോപ്റ്റ്-എ-ചൈൽഡ് (LWAAC) കഴിഞ്ഞ വർഷം നാല് സുവിശേഷ യോഗങ്ങൾ നടത്തി, അവിടെ ബൈബിളിൽ പഠിക്കാൻ ആഴ്ചയിൽ 30 മുതൽ 40 ആളുകൾ ഒത്തുകൂടുന്നു.

അൽബേനിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനായി ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡും, LWAAC ഉം അൽബേനിയൻ പാസ്റ്ററും ആയ എറിയോൺ കുനിയും വെറും നാല് മാസത്തിനുള്ളിൽ ക്ഷ23,000 സമാഹരണത്തിന് നേതൃത്വം നൽകി. ഇത് സുവിശേഷികരണത്തിന് സുപ്രധാനമായ ഒരു പുതിയ തുടക്കമെന്ന നിലയിൽ അടയാളപ്പെടുത്തും. പ്രസ്തുത തുക 10,000 കോഴ്സ് ബുക്ക്ലെറ്റുകൾ, 2,000 ലീഡർ ഗൈഡുകൾ, 1,000 ഡിവിഡികൾ എന്നിവയുൾപ്പെടെ മൂന്നോ നാലോ വർഷത്തെ ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് മെറ്റീരിയലിന് ധനസഹായം നൽകും. എക്സ്പ്ലോറെഡിൻ അൽബേനിയയുടെ സമാരംഭത്തിനായി നൂറ്റി എഴുപത് സഭകളും പാസ്റ്റർമാരും നേതാക്കളും ഇതിനകം കരാറിലേർപ്പെട്ടിട്ടുണ്ട്.

ക്രിസ്തു വിശ്വാസികളാകാൻ ആഗ്രഹിക്കുന്ന ആളുകൾക്കുള്ള അനൗപചാരികമായ ഏഴാഴ്ചത്തെ കോഴ്സാണ് ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് എന്ന് പറയുന്നത്. മാർക്കോസിന്റെ സുവിശേഷത്തിൽ, യേശുവിന്റെ വ്യക്തിത്വം, ദൗത്യം, വിളി – അല്ലെങ്കിൽ, യേശു ആരാണ്, എന്തിന് വന്നു, ക്രിസ്തുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥം എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നു. 2002-ൽ ഓൾ സോൾസ്, ലാങ്ഹാം പ്ലേസിൽ നിന്ന് ആരംഭിച്ച ഈ കോഴ്സ് ലോകമെമ്പാടും ജനപ്രിയമാണ്, 110 രാജ്യങ്ങളിലായി ഏകദേശം 500,000 ആളുകൾ ഓരോ വർഷവും കോഴ്സ് പൂർത്തിയാക്കുന്നു. അൽബേനിയൻ കൂടാതെ 50-ലധികം ഭാഷകളിലേക്കും ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

LWAAC ക്രിസ്ത്യാനിറ്റി എക്സ്പ്ലോറെഡിൻ അൽബേനിയയിൽ പങ്കാളിയാണ്, അവിടെ അത് 1995 മുതൽ പ്രവർത്തിക്കുന്നു; ഗ്രാട്ടിമാലയിലും ഇത് പ്രവർത്തിക്കുന്നു. ഫീഡിംഗ് സെന്ററുകളിൽ ബൈബിൾ ക്ലാസുകൾ വാഗ്ദാനം ചെയ്യുന്നതോടൊപ്പം അവർക്ക് സ്ഥിരമായ പോഷകാഹാരവും ശരിയായ മെഡിക്കൽ, ദന്ത പരിചരണവും നൽകുന്നു.

ക്രിസ്ത്യാനിറ്റി പര്യവേക്ഷണം ചെയ്യുന്ന ശുശ്രൂഷ ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് അൽബേനിയ പദ്ധതിയുടെ രണ്ടാം ഘട്ടം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സോൾ എന്ന യുവ പതിപ്പ് (പ്രായപൂർത്തിയായ കൗമാരക്കാരെയും യുവാക്കളെയും ലക്ഷ്യം വച്ചുള്ള) അൽബേനിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു. ഘണ്ടഅഞ്ഞ തന്നെയാണ് ധനസമാഹരണത്തിന് പിന്നിൽ.

ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് മിനിസ്ട്രിയുടെ ട്രെയിനിംഗ് ഡയറക്ടർ ക്രെയ്ഗ് ഡയർ അഭിപ്രായപ്പെട്ടു: 'എൽ ഡബ്ല്യു എ എസി ഈ പ്രോജക്റ്റ് സ്വീകരിക്കുകയും സിഇ അൽബേനിയൻ നിരവധി ഭാഷയിൽ വിവർത്തനം ചെയ്യാനും പ്രസിദ്ധീകരിക്കാനുമുള്ള ഫണ്ട് സ്വരൂപിച്ചതെങ്ങനെയെന്ന് നമ്മളെ അത്ഭുതപ്പെടുത്തുന്ന ഒന്നാണ്. ആളുകളെ തന്റെ വാക്കിലേക്കും അവന്റെ വചനത്തിലേക്കും എത്തിക്കാൻ കർത്താവ് ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് സീരീസ് ഉപയോഗിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

അയർലണ്ടിന്റെ LWAAC കോ-ഓർഡിനേറ്ററും അഅഞ്ഞ അൽബേനിയയുടെ ഡയറക്ടറുമായ സ്കോട്ട് ബാലന്റൈൻ പറഞ്ഞു: 'അൽബേനിയയിലും അൽബേനിയൻ സംസാരിക്കുന്ന പ്രദേശങ്ങളിലും കൊസോവോ, മാസിഡോണിയ, മോണ്ടിനെഗ്രോ, സെർബിയ, വടക്കൻ ഗ്രീസ് എന്നിവിടങ്ങളിലും, തെക്കൻ ഇറ്റലിയിലും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ഒരു അത്ഭുതകരമായ അവസരമുണ്ട്. എന്നിരുന്നാലും, തീവ്ര മുസ്ലീം രാജ്യത്ത് അതിന്റെ സ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത് വളരെ ശ്രമകരമായ ഒന്നാണ്. പക്ഷേ ഇപ്പോൾ നിലവിലുള്ള അവസരം മികച്ച രീതിയിൽ വിനിയോഗിക്കുന്നതിനുള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് ഇവിടെ വളരെയധികം സഹായിക്കുമെന്ന് അവർക്ക് നല്ല ഉറപ്പുണ്ട്.'

ഇവർ മുന്നോട്ട് പോകുമ്പോൾ മൂന്ന് പ്രധാന വിഷയങ്ങളുണ്ട്. ക്രിസ്ത്യാനിറ്റി എക്സ്പ്ലോർഡ് മെറ്റീരിയൽസ് ശക്തമായി ഏറ്റെടുക്കുന്നതിനും ഭാവിയിൽ പ്രോജക്റ്റ് മുന്നോട്ട് കൊണ്ടുപോകുന്ന പാസ്റ്റർ കുനിയ്ക്കും വേണ്ടി പ്രാർത്ഥനയുടെ പിൻബലവും ഭൗതിക കൈത്താങ്ങലും ആവശ്യമാണ്.

# എല്ലാം ചവറല്ല

## നമുക്ക് യോജിക്കാൻ കഴിയാത്ത വിഷയങ്ങളിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ എന്ന് പരിശോധിക്കുവാൻ നാം തുനിയേണ്ടതല്ലേ?

സുഹൃത്തുക്കളായ ഒരു നായും കഴുതയും ഒരുമിച്ച് നടക്കുകയായിരുന്നു. വഴിയിൽ ലഭിച്ച ചില സൂചനകളിലൂടെ ഉണങ്ങിയതും പച്ചയുമായ പുല്ലുകളുടെ ലഭ്യതയെക്കുറിച്ച് കഴുത പറഞ്ഞു. നായ് പറഞ്ഞു: 'ചവറു, ഇറച്ചിയോ, എല്ലോ എവിടെ കിട്ടുമെന്ന് പറയൂ.' എന്നാൽ കഴുതയ്ക്ക് അതേക്കുറിച്ച് ഒരു സൂചനയും ലഭിച്ചില്ല. അതിനാൽ പറയാൻ കഴിഞ്ഞതുമില്ല. നായ് കഴുതയെ വിട്ട് ഇറച്ചി അന്വേഷിച്ച് യാത്രയായി.

ആ മൃഗങ്ങളെ പോലെ നമ്മുടെ അഭിരുചിക്ക് ചേരാത്തതൊക്കെയും യാതൊരു വിലയുമില്ലാത്ത വെറും 'ചവർ' എന്നാണ് മിക്കവരുടെയും അഭിപ്രായം. നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ എത്ര നല്ലതാണെന്ന് ആരെല്ലാം പറഞ്ഞാലും നാം സമ്മതിക്കില്ല. ഒരിക്കൽ ഒരു അലോപ്പതി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടറോട് ഹോമിയോപ്പതിയെക്കുറിച്ച് ഞാൻ സംസാരിക്കാൻ ഇടയായി. ഹോമിയോപ്പതിയെ കുറിച്ച് കേട്ടപ്പോൾ തന്നെ അദ്ദേഹം രോഷം കൊണ്ടു. അദ്ദേഹത്തിന്റെ പ്രൊഫഷനുമായി യോജിക്കാൻ കഴിയാഞ്ഞതിനാൽ ആയിരിക്കാം ഹോമിയോപ്പതി വെറും ഭോഷത്വം എന്നാണ് അദ്ദേഹം എന്നോട് പറഞ്ഞത്. ഏതായാലും അദ്ദേഹത്തിന് ഹോമിയോപ്പതി എന്തെന്നറിയില്ല എന്ന് എനിക്ക് മനസ്സിലായി.

നമുക്ക് അറിയുവാൻ പാടില്ലാത്തതും ഇഷ്ടമില്ലാത്തതും ഏതെങ്കിലും വിധത്തിൽ നമ്മുടെ പ്രൊഫഷനുമായി യോജിക്കാത്തതും എല്ലാം 'ചവർ' എന്ന് അഭിപ്രായമാണ് മിക്കവർക്കും ഉള്ളത്. എന്നാൽ നമുക്ക് യോജിക്കാൻ കഴിയാത്ത വിഷയങ്ങളിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ എന്ന് പരിശോധിക്കുവാൻ നാം തുനിയേണ്ടതല്ലേ? 'ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്' എന്ന അഭിപ്രായത്തിൽ കടിച്ചു തൂങ്ങി നിൽക്കുന്നത് ശരിയാണോ?

മഹാത്മാഗാന്ധിയുടെ 'സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്നതുപോലെ നമുക്കിഷ്ടമില്ലാത്ത വിഷയങ്ങളിൽ ഒരു 'സത്യാന്വേഷണ പരീക്ഷണം' നടത്തുവാൻ നാം ശ്രമിക്കേണ്ടതല്ലേ? നാമെല്ലാവരുടെയും അറിവുകൾ പരിമിതമാണെന്നും നാം അറിഞ്ഞിട്ടില്ലാത്ത നിരവധി യാഥാർത്ഥ്യങ്ങൾ ഉണ്ടെന്നും നാം ഒരിക്കലും വിസ്മരിക്കരുത്. നമ്മുടെ അഭിപ്രായങ്ങളെ എതിർക്കുന്നവരുടെ ഭാഗത്തും ചില ന്യായങ്ങൾ ഉണ്ടായിരിക്കാം. അവരുടെ കണ്ണുകളിലൂടെ നോക്കിയാൽ അവർ പറയുന്നതായിരിക്കും ശരി. മാത്രമല്ല നമ്മുടെ കാഴ്ചപ്പാടും അറിവും എല്ലായ്പ്പോഴും ശരിയായിരിക്കണം എന്ന് നിർബന്ധവുമില്ല.

ആയതുകൊണ്ട് കണ്ണും മനസ്സും തുറന്നു യാഥാർത്ഥ്യം കണ്ടെത്തുവാൻ നമുക്ക് സജ്ജമാകാം.

സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ. ബൈബിൾ!



**ജിക്സൻ ജെയിംസ്**
**നവി മുംബൈ**

## ടൈഗ്രീസും യൂഫ്രട്ടീസും വറ്റി തുടങ്ങി



**ബാഗ്ദാദ്:** വിശുദ്ധ ബൈബിളിലെ ഉൽപ്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏദൻ തോട്ടത്തിൽ ഒഴുകിയ നാല് നദികളിൽ ഇന്ന് അവശേഷിക്കുന്ന രണ്ട് നദികളാണ് ടൈഗ്രീസും, യൂഫ്രട്ടീസും. നദികളുടെ ഉയർന്ന ഭാഗത്ത് 30% വരെ ജലം കുറഞ്ഞതായാണ് റിപ്പോർട്ട്. ഈ ജല സ്രോതസ്സിനെ ആശ്രയിച്ചാണ് ഇറാക്ക് 1970 ൽ ഒരു ഡാം നിർമ്മിച്ചത്. ഡാമിലും വെള്ളം തീർത്തും കുറയുന്ന അവസ്ഥയിലാണ്. ഈ നദികളിലെ വർൾച്ച ഒരു വലിയ അപകട സൂചനയായാണ് കണക്കാക്കേണ്ടത്.

## പോസ്റ്റർ ഉയർത്തിയതിന് ജയിൽ ശിക്ഷ



**മോസ്കോ:** റഷ്യ – യുക്രൈൻ യുദ്ധകാലത്ത് റഷ്യയിൽ യുദ്ധത്തിനെതിരായി പ്രചരണം നടത്തിയതിന് ക്രൈസ്തവർക്ക് ജയിൽ ശിക്ഷാ ഭീഷണി. ഓർത്തഡോക്സ് ചർച്ച് പുരോഹിതനായ ലാവാൻ കുർമോയാറോവ്, ഗായികയും അദ്ധ്യാപികയുമായ അന്നാ ചാഗിനാ എന്ന വിശ്വാസിക്കും എതിരെയാണ് കേസ്. കേസിനാസ്പദമായ സംഭവം ജൂൺ മാസത്തിലാണ് ഉണ്ടായത്. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്ന പോസ്റ്റർ റഷ്യൻ പട്ടാളത്തിന് മുമ്പിൽ അവർ ഉയർത്തി കാട്ടിയിരുന്നു. അത് സൈന്യത്തെ ആക്ഷേപിക്കലാണ് എന്ന കുറ്റം ചുമത്തിയാണ് കേസ്.

## ബില്ലിഗ്രഹാമിന്റെ വീട് റിട്രീറ്റ് സെന്ററാക്കി



**നോർത്ത് കരോലിനിയ:** ലോക പ്രശസ്ത സുവിശേഷകനും ഇരുപതാം നൂറ്റാണ്ടിൽ ലോകം ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തിമായിരുന്ന ഡോ. ബില്ലിഗ്രഹാമിന്റെ വീട് റിട്രീറ്റ് സെന്ററാക്കി മാറ്റുന്നു. ബില്ലിഗ്രഹാമിന്റെയും രൂത്ത് ഗ്രഹാമിന്റെയും, നോർത്ത് കരോലിനയിലെ മോൺട്രീറ്റിലെ 198 മിസിസിപ്പി റോഡിലുള്ള ഈ നാല് കിടപ്പ് മുറി വീടാണ് റിട്രീറ്റ് സെന്ററാക്കി മാറ്റിയത്. പാസ്റ്റേഴ്സിനെ പുനരധിവസിപ്പിക്കാനും, വചനം പഠിപ്പിക്കാനും ധ്യാനിക്കാനുമായുള്ള ഒരു ഇടമായിട്ടാണ് മാറ്റിയിരിക്കുന്നത്. ചരിത്രം ഉറങ്ങുന്ന ആ വീട്ടിലെ അനുഭവങ്ങൾക്കായി പാസ്റ്റേഴ്സ് അവസരം കാത്തിരിക്കുകയാണ്.

## ക്രിസ്തീയ പാരമ്പര്യം മുറുകെ പിടിക്കും: പ്രസിഡന്റ്



**ഫ്ലോറിഡ:** രാജ്യത്തിന്റെ ക്രൈസ്തവ സംസ്ക്കാരത്തിനു വളരെയേറെ പ്രാധാന്യം തങ്ങൾ നൽകുന്നുണ്ടെന്നും ഇത് മുറുകെ പിടിച്ച് മുന്നോട്ടുപോകുമെന്നും ഹംഗേറിയൻ പ്രസിഡന്റ് കാറ്റലിൻ നോവാക്ക്.

അമേരിക്കയിലെ ഫ്ലോറിഡ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ആവേ മരിയ സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് നൽകിയ സന്ദേശത്തിലാണ് രാജ്യത്തിന്റെ ക്രൈസ്തവ വേരുകൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ പ്രസിഡന്റ് പങ്കുവെച്ചത്. എങ്ങനെയാണ് ഒരു ക്രൈസ്തവസമൂഹം വളർത്തിയെടുക്കേണ്ടത് എന്നതിനെപ്പറ്റി കഴിഞ്ഞ മാർച്ച് മാസം ഹംഗറിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട നോവാക്ക് വിശദീകരിച്ചു. തന്റെ ക്രിസ്ത്യൻ വിശ്വാസം, തന്റെ ക്രിസ്ത്യൻ ഐഡന്റിറ്റി, ദൈനംദിന ജീവിതത്തിൽ വളരെ നിർണ്ണായകമാണെന്നും ഈ മൂല്യങ്ങൾ നല്ല തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുന്നുണ്ടെന്നും അവർ പറഞ്ഞു.

## ജയിലിൽ 27 പേരെ നേടി റസ്സൽ വിൽസൺ






**മിയാമി:** അമേരിക്കയിലെ പ്രശസ്ത ഫുഡ്ബോൾ താരമാണ് റസ്സൽ വിൽസൺ. ലക്ഷക്കണക്കിനു ആരാധകരുള്ള റസ്സൽ ക്രിസ്തു വിശ്വാസം സംബന്ധിച്ച വീഡിയോകൾ സോഷ്യൽ മീഡിയകളിൽ പങ്ക് വയ്ക്കുന്നത് പതിവാണ്. ജയിൽ ശുശ്രൂഷയായ ഗോഡ് ബിഹൈൻഡ് ബാറുമായി സഹകരിച്ച് അമേരിക്കൻ ഗായികയും കൂടിയായ സിയാരയുമായി ചേർന്ന് മിയാമയിലെ ഏറ്റവും അതീവ സുരക്ഷയുള്ള എവർഗ്ലേഡ്സ് കറക്ഷണൽ ഫെസിലിറ്റിയിൽ ഒരു പരിപാടി അവതരിപ്പിച്ചു. യെശയ്യാ പ്രവചനം ആധാരമാക്കി റസ്സൽ പ്രസംഗിച്ചപ്പോൾ, ഭാര്യ തടവുകാർക്കൊപ്പം പാട്ടുപാടി. 300 ഓളം വരുന്ന തടവുകാരിൽ 27 പേർ കർത്താവിനെ രക്ഷിതാവായ് സ്വീകരിച്ചു. തന്റെ ക്രിസ്തു വിശ്വാസത്തെ എന്നും ഉറച്ച് പായാൻ മടികാണിക്കാത്ത റസ്സൽ ഏവർക്കും ഒരു മാതൃകയാണ്.

## മിഷ്ണറി പൈലറ്റ് സുരക്ഷിതൻ





**ഡൽഹി/മൊസാംബിക്:** മതപരിവർത്തനം ആരോപിച്ച് അറസ്റ്റ് ചെയ്തു റിമാന്റിലായിരുന്ന ശാരോൻ ഫെലോഷിപ്പ് ചർച്ച് പാസ്റ്റർ സന്തോഷ് ഏബ്രഹാമിനും, ഭാര്യ ജിജിയ്ക്കും കോടതി ജാമ്യം അനുവദിച്ചു. ഫെബ്രുവരി 26 നായിരുന്നു അവരെ അറസ്റ്റ് ചെയ്തു ജയിലിലടച്ചത്. ഒരു മാസത്തോളം ജയിലിലായിരുന്നു. ഡൽഹി സോണിലെ ഇന്ദിരാപുരം സഭയുടെ ശുശ്രൂഷകരാണ്. ആഫ്രിക്കൻ രാഷ്ട്രമായ മൊസാംബിക്കിൽ യുദ്ധത്തിൽ തകർന്ന പ്രദേശങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തിയതിന് ജയിലിലായിരുന്ന യു എസ് ആസ്ഥാനമായ മിഷൻ ഏവിയേഷൻ ഫെലോഷിപ്പ് മിഷണറി പൈലറ്റ് റയാൻ കോഹറിനും, ആഫ്രിക്കൻ പൗരന്മാരായിരുന്ന ഡബ്ളിയു ജെ ഡുപ്ളെസിസും, എറിക് ഡ്രെയ്ക്കും മോചനം ലഭിച്ചു.

## നഷ്ടം ജോലി, ലാഭം 20 ലക്ഷം ഡോളറും ജോലിയും



**വാഷിംഗ്ടൺ ഡി.സി:** മൈതാനത്തു പ്രാർത്ഥന നടത്തിയതിന്റെ പേരിൽ ജോലിയിൽ നിന്നും പിരിച്ചുവിട്ട അമേരിക്കയിലെ ബ്രിമെർട്ടൺ സ്കൂൾ ഫുട്ബോൾ കോച്ച് ജോസഫ് കെന്നഡി ഈ മാസം ജോലിയിൽ തിരികെ പ്രവേശിക്കും. കെന്നഡിക്കു അനുകൂലമായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ജോലിയിൽ തിരികെ പ്രവേശിക്കുന്നത്. കോടതിവിധിയേ തുടർന്ന് ബ്രിമെർട്ടൺ സ്കൂൾ ബോർഡ് ഏതാണ്ട് 20 ലക്ഷം ഡോളറിന്റെ ഒത്തുതീർപ്പിലെത്തുകയായിരിന്നു. മൈതാനത്ത് പ്രാർത്ഥിക്കുവാനുള്ള കെന്നഡിയുടെ അവകാശം ഒന്നാം ഭരണഘടനാ ഭേദഗതിയിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണെന്നു കഴിഞ്ഞ വർഷം ഓഗസ്റ്റിൽ തന്നെ സുപ്രീം കോടതി വിധിച്ചിരിന്നു. കെന്നഡിയുടെ വക്കീൽ ഫീസായി 17,75,000 ഡോളർ നൽകുവാനും സ്കൂൾ ഡിസ്ട്രിക്റ്റ് തീരുമാനിച്ചിട്ടുണ്ട്.

## നൈജീരിയായിൽ വൈദീകൻ ഗവർണ്ണർ



**ബെന്യൂ:** നൈജീരിയയിൽ ഇക്കഴിഞ്ഞ മാർച്ച് 18 ന് നടന്ന സംസ്ഥാന ഗവർണർമാർക്കുള്ള തെരഞ്ഞെടുപ്പിൽ കത്തോലിക്ക വൈദികന് മിന്നും വിജയം. നൈജീരിയയുടെ 'അപ്പകുട്ട' എന്നറിയപ്പെടുന്ന ബെന്യൂ സംസ്ഥാനത്തിന്റെ ഗവർണറായി ഓൾ പ്രോഗ്രസ്സീവ് കോൺഗ്രസ്സ് (എ.പി.സി) പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച ഫാ. ഹയാസിന്ത് ആലിയയാണ് തെരഞ്ഞെടുക്കപ്പെട്ടത്. പ്രധാന എതിരാളിയും പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (പി.ഡി.പി) സ്ഥാനാർത്ഥിയുമായ ടൈറ്റസ് ഉബായെ രണ്ടരലക്ഷത്തിലധികം വോട്ടുകൾക്കാണ് ഫാ. ആലിയ പരാജയപ്പെടുത്തിയത്. ഫാ. ആലിയ 4,73,933 വോട്ടുകൾ നേടിയപ്പോൾ, ഉബാക്ക് ലഭിച്ചത് 2,23,913 വോട്ടുകളാണ്. ഇന്നലെ തിങ്കളാഴ്ചയാണ് ഇൻഡിപെൻഡൻഡ് നാഷണൽ ഇലക്ടറൽ കമ്മീഷൻ ഫാ. ആലിയയെ വിജയിയായി പ്രഖ്യാപിച്ചത്.

THE SOUL WINNER
APR 2023 • VOLUME 10 • ISSUE 8

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

# പ്രധാനമന്ത്രി ദേവാലയം സന്ദർശിച്ചു



**ന്യൂഡൽഹി:** ഈസ്റ്റർ ദിനത്തിൽ ഡൽഹി സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരുപത് മിനിറ്റിലേറെ പള്ളിയിൽ മോദി ചെലവിട്ടു. പള്ളിയിൽ പ്രവേശിച്ച അദ്ദേഹം പ്രാർത്ഥനകളുടെ ഭാഗമാവുകയും കത്തീഡ്രലിലെ ക്വയർ സംഘത്തിന്റെ പാട്ടുകൾ കേൾക്കുകയും ചെയ്തു. വൈകിട്ട് അഞ്ചരയോടെ പള്ളിയിലെത്തിയ പ്രധാനമന്ത്രിയെ വൈദികരും മെത്രാന്മാരും ചേർന്ന് ബൊക്ക കൊടുത്ത് സ്വീകരിച്ചു. പുരോഹിതരും വിശ്വാസികളുമായി സംവദിച്ചതിനു ശേഷം ദേവാലയ മുറ്റത്ത് വൃക്ഷത്തൈ നട്ടിട്ടാണ് അദ്ദേഹം മടങ്ങിയത്.

കർത്താവായ ക്രിസ്തു സഹിച്ച ത്യാഗത്തിന്റെ ചൈതന്യത്തെ നാം ഓർക്കുകയാണെന്നും വേദനയും കഷ്ടപ്പാടും അവിടുന്ന് സഹിച്ചുവെന്നും അദ്ദേഹം റ്റിറ്ററിൽ ഈസ്റ്റർ ദിന സന്ദേശം കുറിച്ചു.

# സുവിശേഷത്തിന്റെ പെൺശബ്ദം നിലച്ചു



**രാജസ്ഥാൻ:** സുവിശേഷത്തിന്റെ പെൺശബ്ദമായി പതിറ്റാണ്ടുകൾ ഉത്തര ഭാരതത്തിലെ സുവിശേഷത്തിന്റെ ഊഷര ഭൂമിയിൽ ത്യാഗോജ്ജ്വലമായി മിക്ഷനറി പ്രവർത്തനം നടത്തിയ ശ്രീമതി ത്രേസ്സിയാമ്മ (79) നിത്യതയിലേക്ക് ചേർക്കപ്പെട്ടു. കോട്ടയം സ്വദേശിയായിരുന്ന അവർ രാജസ്ഥാനിലെ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥയായിരുന്നു. 1992 – ൽ മകന്റെ ആകസ്മിക മരണത്തിൽ നിരാശയിലാകുകയും അതിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി ദൈവ വേലയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അന്ന് മുതൽ മൂന്ന് പതിറ്റാണ്ടായി ഉത്തര ഭാരതത്തിലെ സുവിശേഷത്തിന്റെ പെൺശബ്ദമായി പ്രവർത്തിച്ചു.

## ക്രിസ്ത്യൻ ആദിവാസികൾ ജീവിത നിലവാരം മെച്ചപ്പെടുത്തി: ഡി നാരായണ

**തിരുവനന്തപുരം:** ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ആദിവാസി സമൂഹങ്ങൾ വിദ്യാഭ്യാസത്തിലും തൊഴിലിലും വലിയ പുരോഗതി നേടിയെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്ത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ മുൻ ഡയറക്ടറും, സാമ്പത്തിക വിദഗ്ദനുമായ ഡി. നാരായണ നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായതെന്ന് ദേശീയ മാധ്യമമായ 'ഇന്ത്യൻ എക്സ്പ്രസ്' റിപ്പോർട്ട് ചെയ്യുന്നു.

ക്രൈസ്തവ വിശ്വാസം സ്വീകരിച്ച തെക്കൻ കേരളത്തിലെ ആദിവാസി സമൂഹങ്ങളിൽ ബിരുദധാരികളുടെ എണ്ണത്തിലും, തൊഴിൽപരമായ കുടിയേറ്റത്തിന്റെ കാര്യത്തിലും വടക്കൻ കേരളത്തിലെ ആദിവാസി സമൂഹങ്ങളേക്കാൾ മുന്നിട്ട് നിൽക്കുന്നുണ്ടെന്നാണ് പഠനഫലത്തിൽ ചൂണ്ടിക്കാട്ടുന്നത്.

# ഗ്രേയ്റ്റ് കമ്മീഷനുമായ് ആംസ്റ്റർഡാം 23




**ആംസ്റ്റർഡാം:** 650 ദശലക്ഷത്തിലധികം ക്രൈസ്തവരെ പ്രതിനിതീകരിക്കുന്ന ഒരു നെറ്റ്‌വർക്കാണ് എംപവേർഡ്21. 2023 ജൂൺ 21– 24 വരെ ആംസ്റ്റർഡ് റായി ആന്റ് ഒളിമ്പിക് സ്റ്റേഡിയത്തിൽ കോൺഫറൻസും എകദിന ഇവന്റും സംഘടിപ്പിച്ചിരിക്കുകയാണ്. 2033 ഓട് കൂടി ഗ്രേയ്റ്റ് കമ്മീഷന്റെ അടിസ്ഥാനത്തിൽ സുവിശേഷം എത്തിക്കുവാൻ ക്രൈസ്തവരെ സജ്ജരാക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ഉദ്ദേശം. യേശുവിന്റെ ക്രൂശികരണത്തിന്റെ 2000 വർഷം പൂർത്തിയാകുന്ന പശ്ചാത്തലത്തിൽ കൂടിയാണ് സുവിശേഷികരണത്തിൽ വിശ്വാസികളെ കൂടെ പങ്കെടുപ്പിച്ച് കൊണ്ട് ഗ്രെയ്റ്റ് കമ്മീഷൻ പൂർത്തിയാക്കാൻ ശ്രമിക്കുന്നതെന്ന് എംപവേർഡ് ചെയർമാൻ ഡോ. ബില്ലി വിൽസൺ അറിയിച്ചു.

# പാസ്റ്ററെ ചർച്ചക്ക് ക്ഷണിച്ച് മാസ്റ്റർ

**പത്തനംതിട്ട:** സിപിഎം നടത്തുന്ന ജനകീയ പ്രതിരോധ ജാഥ പത്തനംതിട്ടയിൽ എത്തിച്ചേർന്നപ്പോൾ, പെന്തക്കോസ്തു സഭകളുടെ ദേശീയ ജനറൽ സെക്രട്ടറിയും റവ. ഡബ്ള്യു എം ഇ ദേശീയ ഓവർസീയർ റവ ഡോ. ഒ എം രാജുക്കുട്ടിയെ ചർച്ചയ്ക്ക് ക്ഷണിച്ചു. 20 ലക്ഷത്തിൽ പരം വരുന്ന പരിവർത്തിത ക്രൈസ്തവരുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് കോർപ്പറേഷന് അനുവദിക്കണമെന്ന് പറഞ്ഞു.

കേരളം ഒഴിച്ചുള്ള മറ്റു സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ വളർന്നു വരുകയാണ്. ഏറ്റവും കൂടുതൽ ക്രൈസ്തവർ ആണ് പീഡിപ്പിക്കപ്പെടുന്നത്, ഇത്തരത്തിലുള്ള സംഭവങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നു ചർച്ചയിൽ പറഞ്ഞു. പെന്തക്കോസ്തുകാരുടെ ആരാധനാലയം സംബന്ധിച്ച് 10 സെന്റിൽ താഴെയുള്ള സഭാവക ഭൂമിയിലും ആരാധനാലയങ്ങൾക്ക് അനുമതി നൽകണമെന്നും, സെമിത്തേരി സംബന്ധിച്ചുള്ള വിഷയങ്ങൾ പരിഹരിക്കപ്പെടണമെന്നും ചർച്ചയിൽ പങ്കെടുത്ത് വിശദമാക്കി. ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് 5% സംവരണം ഏർപ്പെടുത്തണമെന്നും പറഞ്ഞു.

# സുവിശേഷത്തെ തടയില്ല: നെതന്യാഹു



**ജെറുസലേം:** തന്റെ സർക്കാരോ അല്ലെങ്കിൽ മറ്റേതെങ്കിലും ഇസ്രായേലി സർക്കാരോ രാജ്യത്ത് സുവിശേഷം പ്രഘോഷിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിയമം പാസ്സാക്കാൻ പോകുന്നില്ലെന്ന് ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. പ്രായപൂർത്തിയാകാത്തവരെ മതം മാറ്റുന്നതും, സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നതും കുറ്റകരമാക്കുന്ന ബിൽ 'യുണൈറ്റഡ് തോറ ജൂദായിസ' ത്തിന്റെ എം.കെ മോഷെ ഗാഫ്നി അവതരിപ്പിച്ചതിനെത്തുടർന്ന് ആശങ്കയേറിയിരിന്നു. ഈ പശ്ചാത്തലത്തിലാണ് ബെഞ്ചമിൻ നെതന്യാഹു, ക്രൈസ്തവർക്ക് ഈ ഉറപ്പ് നൽകിയത്. യേശുവിനെ കുറിച്ച് പഠിപ്പിക്കുന്ന ഹീബ്രു ഭാഷയിലുള്ള ഓൺലൈൻ വീഡിയോകളുടെ പ്രചരണവും ഗാഫ്നിയുടെ ബില്ലിന്റെ പരിധിയിൽ വരുന്നുണ്ട്. അതേസമയം ഏറ്റവും ചുരുങ്ങിയത് 6 പ്രാവശ്യമെങ്കിലും ഈ ബിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ബിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള കുറഞ്ഞ പിന്തുണപോലും ലഭിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. വളരെ കുറച്ച് ഇസ്രായേലി നിയമസാമാജികർ മാത്രമേ ഈ ബില്ലിനെ അനുകൂലിക്കുന്നുള്ളൂ എന്നതിനാൽ ഈ ബിൽ നിർദ്ദേശഘട്ടത്തിനപ്പുറം പോകാറില്ല. അതേസമയം വിശുദ്ധ നാട്ടിൽ ക്രൈസ്തവർക്ക് നേരെ തീവ്രയഹൂദവാദികളുടെ ക്രൈസ്തവ വിരുദ്ധ ആക്രമണം വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ സഭാനേതൃത്വം ആശങ്ക പ്രകടിപ്പിച്ചിരിന്നു.

# ക്രൈസ്തവ ആക്രമണങ്ങളിൽ നടപടി അറിയിക്കണം: സുപ്രീം കോടതി

**ന്യൂഡൽഹി:** ക്രൈസ്തവർക്കെതിരായ ആക്രമണങ്ങളിൽ വിവിധ സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികളെക്കുറിച്ചു കേന്ദ്ര ആഭ്യന്തര മന്ത്രാലയം രണ്ടാഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം നൽകണമെന്നു സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ പി എസ് നരസിംഹ, ജെ ബി പർദിവാല എന്നിവരടങ്ങിയ ബെഞ്ചാണ് റിപ്പോർട്ട് ക്രോഡീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് സമർപ്പിക്കാൻ നിർദേശിച്ചിരിക്കുന്നത്. ക്രൈസ്തവർ ആക്രമണം നേരിട്ട പരാതികളിൽ എട്ടു സംസ്ഥാനങ്ങളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത കേസുകൾ, അന്വേഷണത്തിന്റെ പുരോഗതി, അറസ്റ്റുകൾ, കുറ്റപത്രം നൽകിയ കേസുകൾ തുടങ്ങിയ വിവരങ്ങൾ നൽകണമെന്നാണു സുപ്രീം കോടതിയുടെ നിർദ്ദേശം.

# അൽവാരെസിനെ മോചിപ്പിക്കണമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി




**മനാഗ്വേ:** ഭരണകൂട ഭീകരതക്കെതിരെ ശബ്ദമുയർത്തിയതിനും, ജനാധിപത്യമൂല്യങ്ങൾക്ക് വേണ്ടി നിലകൊണ്ടതിനും പ്രസിഡന്റ് ഡാനിയൽ ഒർട്ടേഗയുടെ നേതൃത്വത്തിലുള്ള നിക്കരാഗ്വേയിലെ ഏകാധിപത്യ ഭരണകൂടം 26 വർഷത്തെ തടവുശിക്ഷയ്ക്കു വിധിച്ച മതഗൽപ്പ രൂപതാ മെത്രാൻ മോൺ. റോളണ്ടോ അൽവാരെസിനെ മോചിപ്പിക്കണമെന്ന് ആവർത്തിച്ച് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ. മാർച്ച് 23 വ്യാഴാഴ്ച അമേരിക്കൻ ജനപ്രതിനിധി സഭയിൽ നടന്ന 2024–ലേക്കുള്ള വാർഷിക ബജറ്റ് അവതരണത്തിനിടെയാണ്, കാൻസാസിലെ റിപ്പബ്ലിക്കൻ പ്രതിനിധി ജേക്ക് ലാറ്റർണറിന്റെ ചോദ്യത്തിനുത്തരമായി ബ്ലിങ്കൻ ഇക്കാര്യം പറഞ്ഞത്. ഡാനിയൽ ഒർട്ടേഗയുടെ ജനാധിപത്യ വിരുദ്ധ അടിച്ചമർത്തലിനെതിരെ ധൈര്യപൂർവ്വം ശബ്ദമുയർത്തിയതിനാണ് ബിഷപ്പ് റോളണ്ടോ ജയിലിലടക്കപ്പെട്ടതെന്ന് ബ്ലിങ്കൻ പറഞ്ഞു.